VOL NO: 09
ISSUE 13
2025 MARCH 29
₹10

# നേർപഥം

വാരിക
www.nerpatham.com I mail@nerpatham.com

■ ക്യാമ്പസുകൾ കീഴടക്കുന്ന സാഡിസ്റ്റുകൾ



# വധവും ചിത്രവധവും: ഛാവ തുറന്നുവിട്ട അപായ സൂചകങ്ങൾ

ശിവജി സംഭാജിയെ മഹത്ത്വവൽക്കരിച്ചും ഔറംഗാസേബിനെ പരിഹാസ്യനാക്കിയും, ആസന്നമായ മഹാരാഷ്ട്രാ തെരഞ്ഞെടുപ്പിനെ മുൻനിർത്തി സംവിധാനം ചെയ്ത ഛാവയുടെ റിലീസിംഗോടെ പുതിയൊരു വർഗീയ ഭൂതത്തെയാണ് ഇന്ത്യയിൽ തുറന്നുവിട്ടിരിക്കുന്നത്. 400 വർഷം മുമ്പത്തെ ഭാരതീയ ചരിത്രത്തെ പോലും വർഗീയ വിദ്വേഷത്തിന്റെ ഇന്ധനമാക്കി മാറ്റാനുള്ള സംഘ്പരിവാർ ചിന്തകൾ നൽകുന്ന സൂചകങ്ങൾ ഭീതിപ്പെടുത്തുന്നതാണ്.

**മക്കൾ വഴിതെറ്റുന്നുവോ?**

**ലിബറലിസം: ധാർമികതയുടെ ശവപ്പറമ്പ്**

**കുടുംബബന്ധം ചേർക്കുന്നതിന്റെ ശ്രേഷ്ഠതകൾ**



വിജ്ഞാന
വെളിച്ചവുമായി
വിവിധ പ്രഭാഷകരുടെ ജുമുഅ ഖുതുബകൾ...
ഓഡിയോ, വീഡിയോ പ്രഭാഷണങ്ങൾ
വിജ്ഞാനം വർധിപ്പിക്കാൻ ലേഖനങ്ങളും എഴുത്തുകളും
മനോഹരമായ ഇസ്ലാമിക ഗാനങ്ങൾ
ദിക്റുകളും പ്രാർത്ഥനകളും വിരൽ തുമ്പിൽ
നന്മയിൽ സമയം ചിലവഴിക്കാൻ നിരവധി പുതുമകൾ
zameel
the soulmate
Audios
Most viewed
Zameel the Soulmate
Popular Videos
Popular Audios
നിങ്ങളുടെ ഫോണിൽ ലഭിക്കാൻ സ്കാൻ ചെയ്യൂ..!
GET IT ON Google Play
Available on the App Store

0427

# നേർപഥം

വാരിക

2025 മാർച്ച് 29
1446 റമദാൻ 28
പുസ്തകം 09 / ലക്കം 13






Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**





പി.വി അനിൽ പ്രിംറോസ്

ശിവജി സംഭാജിയെ മഹത്ത്വവൽക്കരിച്ചും ഔറംഗാസേബിനെ പരിഹാസ്യനാക്കിയും, ആസന്നമായ മഹാരാഷ്ട്രാ തെരഞ്ഞെടുപ്പിനെ മുൻനിർത്തി സംവിധാനം ചെയ്ത ഛാവയുടെ റിലീസിംഗോടെ പുതിയൊരു വർഗീയ ഭൂതത്തെയാണ് ഇന്ത്യയിൽ തുറന്നുവിട്ടിരിക്കുന്നത്. 400 വർഷം മുമ്പത്തെ ഭാരതീയ ചരിത്രത്തെ പോലും വർഗീയ വിദ്വേഷത്തിന്റെ ഇന്ധനമാക്കി മാറ്റാനുള്ള സംഘ്പരിവാർ ചിന്തകൾ നൽകുന്ന സൂചകങ്ങൾ ഭീതിപ്പെടുത്തുന്നതാണ്.


**05** മുഖമൊഴി
സാമൂഹ്യബന്ധങ്ങൾ

**06** പഠനം
ഭാര്യയെ സ്നേഹിക്കുന്ന ഭർത്താവ്
അബൂറാഷിദ അൽകാസിമി, കുടയത്തൂർ

**16** ശാന്തിഗേഹം
മക്കൾ വഴിതെറ്റുന്നുവോ?
മുഹമ്മദ് അഷ്റഫ് ഏകരൂൽ

**18** കർമപഥം
സ്വുൽഹ് അഥവാ ഒത്തുതീർപ്പ്
വിവ: അബ്ദുൽ ജബ്ബാർ മദീനി

**20** ഹദീസ് പാഠം
കുടുംബബന്ധം ചേർക്കുന്നതിന്റെ ശ്രേഷ്ഠതകൾ
ഉസ്മാൻ പാലക്കാഴി

**22** ബാലപഥം
അജ്മലിന്റെ നോമ്പ്
ശാനിദ ബിൻത് അഹ്മദ്, ഈങ്ങാപ്പുഴ

**23** നമുക്കുചുറ്റും
ക്യാമ്പസുകൾ കീഴടക്കുന്ന സാഡിസ്റ്റുകൾ
അൻവർ കണ്ണീരി അമ്മിനിക്കാട്

**24** കുടുംബപഥം
ഇണയുടെ തൃപ്തി
ശമീർ മദീനി

**26** ലേഖനം
ലിബറലിസം: ധാർമികതയുടെ ശവപ്പറമ്പ്
റോഷൻ പുനലൂർ

**29** കാഴ്ച
ധാർമികത പരിഹാരമല്ലേ?
വി.വി. ബഷീർ വടകര

**30** യുവപഥം
ആരായിരിക്കണം കൂട്ടുകാർ?
മൻഷൂഖ് അൽഅസ്ഹരി

**32** ക്വുർആൻ ദർശനം -തഫ്സീറുസ്സഅദി
സൂറതുസ്സജദ
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**34** കവിത
അഭയാർഥികൾ
ക്ലോക്ക്
ഷെറീന മേലാറ്റൂർ



NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

## രാജ്യം വിനാശത്തിന്റെ പടുകുഴിയിലേക്കോ?

'ബംഗാളിൽ ബിജെപി ജയിച്ചാൽ മുസ്‌ലിം എംഎൽഎമാരെ വിധാൻസഭയിൽനിന്ന് പുറത്താക്കും' സുവേന്ദു അധികാരി (പ്രതിപക്ഷ നേതാവ്).

'ഔറംഗസേബിന്റെ ഖബ്ർ പൊളിച്ചു മാറ്റണം' (ഉത്തർ പ്രദേശ് എംഎൽഎ).

'പുതിയതായി നിർമിക്കുന്ന മെഡിക്കൽ കോളേജിൽ ഹിന്ദുക്കളുടെ സുരക്ഷിതത്വത്തിന് വെവ്വേറെ ബ്ലോക്കുകൾ നിർമിക്കണ'മെന്ന് ഒരു വനിത എംഎൽഎ യോഗിയോട്!

'ഹോളി ആഘോഷം ബുദ്ധിമുട്ടാണെങ്കിൽ പുരുഷന്മാരും സ്ത്രീകളും ടാർപോളിൻ ഹിജാബ് ധരിക്കണം' ഉത്തർപ്രദേശ് എംഎൽഎമാർ

'റമദാനിലെ വെള്ളിയാഴ്ച പുറത്തിറങ്ങാതെ ജുമുഅ നമസ്കാരം വീട്ടിൽ നിർവഹിക്കണ'മെന്ന പോലീസ് നിർദേശത്തെ പിന്തുണച്ച് മുഖ്യമന്ത്രി യോഗി.

സംഭലിൽ വർഗീയ നിലപാടെടുത്ത പോലീസ് ഉദ്യോഗസ്ഥനെ അറസ്റ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ട യുവാവിനെ ലോക്കപ്പിൽ ബലം പ്രയോഗിച്ച് മാപ്പ് പറയിപ്പിക്കുന്ന ദൃശ്യം ഷൂട്ട് ചെയ്ത് പ്രചരിപ്പിക്കുന്ന പോലീസ്.

കഴിഞ്ഞ ഏതാനും ദിവസങ്ങളിൽ പുറത്തുവന്ന വർഗീയ വിഷം വമിക്കുന്ന വാർത്താശകലങ്ങളിൽ ചിലതാണ് മുകളിൽ കൊടുത്തത്. ഒന്നും സാധാരണക്കാരായ മുസ്‌ലിം-ദലിത് 'ഭീകരവാദികൾ' പറഞ്ഞതല്ല, പത്തരമാറ്റ് രാജ്യസ്നേഹികളായ ഭരണാധികാരികൾ പറഞ്ഞതാണ്. കേസില്ല. വിചാരണയില്ല. മതസ്പർദയുണ്ടാക്കും വിധമുള്ള പ്രസ്താവന നടത്തി എന്ന ആക്ഷേപമില്ല. ചാനലുകളിൽ ഇതിനെപ്പറ്റിയൊന്നും അന്തിച്ചർച്ചകളില്ല.

നമ്മുടെ നാട് എവിടെ എത്തിനിൽക്കുന്നു എന്നതിന് മികച്ച ഉദാഹരണങ്ങളാണിതെല്ലാം. അങ്ങ് ഉത്തരേന്ത്യയിലല്ലേ ഇതൊക്കെ എന്ന് മുമ്പൊക്കെ ആശ്വസിക്കാമായിരുന്നു. ഇങ്ങ് കേരളത്തിലും ഇതുതന്നെയാണല്ലോ സ്ഥിതി. പിസി ജോർജ് എന്ന അവസരവാദിയും വർഗീയവാദിയും അധികാരമോഹിയുമായ രാഷ്ട്രീയക്കാരൻ സംഘ്പരിവാറുകാരെ വെല്ലുന്ന തരത്തിൽ വർഗീയത വിളമ്പിയിട്ടും എന്തു സംഭവിച്ചു?

ഒരേ കാര്യത്തിൽ സാധാരണക്കാർക്ക് ഒരു നിയമവും നേതാക്കൾക്ക് വേറെ നിയമവും എന്ന അവസ്ഥ കേരളത്തിലും കാണപ്പെടുന്നുവെങ്കിൽ വിനാശത്തിന്റെ വെള്ളപ്പൊക്കം രാജ്യത്തിന്റെ മഹാഭൂരിഭാഗവും വിഴുങ്ങിക്കളഞ്ഞിരിക്കുന്നു എന്നർഥം. രാജ്യത്തെ പടച്ചവൻ കാക്കട്ടെ!

**-താജുദ്ദീൻ കെ.വി, കോട്ടക്കൽ**

## മാറ്റം ശ്രദ്ധേയം

'നേർപഥം' കെട്ടിലും മട്ടിലും വരുത്തിയ മാറ്റം ശ്രദ്ധേയമാണ്. വ്യത്യസ്ത പംക്തികളും ലളിതമായ ഭാഷയിലുള്ള കൊച്ചു കൊച്ചു രചനകളും വായിക്കാൻ പ്രേരിപ്പിക്കുന്നതാണ്. പ്രബോധന മാർഗത്തിൽ എന്നും നേർവഴിയിൽ മുന്നേറാൻ നേർപഥത്തിന് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

**-അസ്മാബി മുഹമ്മദ്, ആലുവ**

# സാമൂഹ്യബന്ധങ്ങൾ

മനുഷ്യൻ ഒരു സാമൂഹ്യജീവിയാണ്. അവൻ സമൂഹത്തിൽ ജനിച്ച്, സമൂഹത്തിൽ ജീവിച്ച്, സമൂഹത്തിൽ മരിക്കുന്നു. വ്യക്തികളും വ്യക്തികളും തമ്മിലുള്ള ബന്ധങ്ങളെ സമൂഹബന്ധങ്ങളെന്ന് നിർവചിക്കാം. വ്യക്തി ഒരു കുടുംബത്തിൽ അംഗമായിരിക്കുമ്പോൾതന്നെ സമൂഹത്തിലും അംഗമായി ത്തീരുന്നു. വ്യക്തിയെ സമൂഹവുമായി ബന്ധിപ്പിക്കുന്ന കണ്ണികളാണ് കുടുംബവും അയൽപക്കവും. സൗഹൃദബന്ധങ്ങൾ സംതൃപ്തമായ ജീവിതത്തിന് സഹായകമാവുന്നു.

കുടുംബ ജീവിതം ഇന്ന് പാശ്ചാത്യലോകത്ത് കുഴമറിഞ്ഞ അവസ്ഥയിലാണ്. ഭാര്യാഭർത്താക്കന്മാർക്കിടയിലെ പരസ്പര വിശ്വാസമില്ലായ്മയും കുത്തഴിഞ്ഞ സുഖഭോഗജീവിതവും മദ്യവും മയക്കുമരുന്നും ചൂതാട്ടവുമൊക്കെ നമ്മുടെ നാട്ടിലും കുടുംബ ജീവിതത്തിന്റെ നട്ടെല്ലൊടിച്ചുകൊണ്ടിരിക്കുന്നു. വിവാഹമെന്ന ബന്ധത്തെ എതിർത്ത് സ്വതന്ത്രമായ ലൈംഗികബന്ധത്തിന് വാദിക്കുന്നവരും വസ്ത്രം മാറ്റുന്നതുപോലെ ഇണകളെ മാറ്റുന്നവരുമെല്ലാം ഇന്ന് പുരോഗമനവാദികളായി കണക്കാക്കപ്പെടുന്നു! സ്നേഹനിർഭരമായ, ആശ്വാസവും ആനന്ദവുമേകുന്ന കുടുംബജീവിതം പടിഞ്ഞാറൻ നാടുകൾക്ക് അന്യമാത്തീർന്നപ്പോൾ അവർ മാറിച്ചിന്തിക്കാൻ തുടങ്ങിയിട്ടുണ്ട്.

ഇത്തരമൊരു ഘട്ടത്തിൽ, ഇസ്‌ലാം കുടുംബ ജീവിതത്തിനും സാമൂഹ്യജീവിതത്തിനും കൽപിക്കുന്ന പ്രാധാന്യം ഏറെ ശ്രദ്ധേയമാണ്. "നിങ്ങൾക്ക് സമാധാനപൂർവം ഒത്തുചേരേണ്ടതിനായി നിങ്ങളിൽ നിന്നുതന്നെ നിങ്ങൾക്ക് ഇണകളെ സൃഷ്ടിക്കുകയും നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കുകയും ചെയ്തതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. തീർച്ചയായും അതിൽ ചിന്തിക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്" (ക്വുർആൻ 30:21).

ഈ സ്നേഹവും കാരുണ്യവും യാന്ത്രിക സംസ്കാരത്തിൽ അപ്രത്യക്ഷമായിത്തുടങ്ങിയിരിക്കുന്നു. രക്ഷിതാക്കൾ നിന്ദിക്കപ്പെടുകയും വാർധക്യത്തിൽ അവഗണിക്കപ്പെടുകയും ചെയ്യുന്നു. കാരണം, ശാസ്ത്രമോ ഭൗതികവാദങ്ങളോ രക്ഷിതാക്കളെ ബഹുമാനിക്കാനും സംരക്ഷിക്കാനും കൽപിക്കുന്നില്ല.

"മാതാപിതാക്കൾക്ക് നന്മ ചെയ്യണമെന്ന് നാം മനുഷ്യരോട് കൽപിച്ചു' (46:15) എന്ന് ക്വുർആൻ ആവർത്തിച്ച് പറയുന്നുണ്ട്. വാർധക്യത്തിൽ അവർക്ക് പ്രത്യേകം സംരക്ഷണം നൽകണമെന്നും മനുഷ്യനെ ഇസ്‌ലാം നിർബന്ധിക്കുന്നു.

സാമൂഹ്യ ജീവിതത്തിന്റെ മറ്റൊരു കണ്ണിയത്രെ കുടുംബ ബന്ധങ്ങൾ. ബന്ധുക്കളെ സംരക്ഷിക്കാനും ഇസ്‌ലാം അനുശാസിക്കുന്നു. രക്ഷിതാക്കൾക്ക് തണലേകാത്ത ആധുനിക സമൂഹം ബന്ധുക്കൾക്ക് സംരക്ഷണം നൽകുമെന്ന് പ്രതീക്ഷിക്കാനില്ല. മാതാപിതാക്കൾക്ക് ശേഷം ബന്ധുക്കൾക്ക് നന്മ ചെയ്യാനാണ് ഇസ്‌ലാമിന്റെ നിർദേശം. "മാതാപിതാക്കൾക്കും ബന്ധുക്കൾക്കും അനാഥകൾക്കും അഗതികൾക്കും നന്മ ചെയ്യണം..." (2:83).

ഒരു വിഭാഗം സുഖിക്കുമ്പോൾ മറ്റൊരു വിഭാഗം കഷ്ടപ്പെടാത്ത അവസ്ഥ സൃഷ്ടിക്കാൻ ശ്രമിക്കുന്നു ഇസ്‌ലാം എന്ന് സാരം.

എല്ലാവിധ നല്ല ബന്ധങ്ങളെയും തളർത്തുന്നതിൽ മനുഷ്യന്റെ ദുർഗുണങ്ങൾക്ക് വലിയ പങ്കാണുള്ളത്. അവയ്ക്ക് കടിഞ്ഞാണിടാൻ നിയമത്തിനും ശാസ്ത്രത്തിനും സമ്പത്തിനും സാധ്യമല്ല. അസൂയ, അഹങ്കാരം, വിദ്വേഷം, കോപം, പരദൂഷണം തുടങ്ങിയവ ഉദാഹരണം. സാമൂഹ്യ സൗഹൃദത്തെയും ബന്ധങ്ങളെയും കാർന്നുതിന്നുന്ന ഇത്തരം രോഗങ്ങൾക്കുള്ള ശരിയായ ചികിത്സ ഇസ്‌ലാം നിർദേശിക്കുന്നു. അസൂയയും കോപവും പകയും മനുഷ്യ മനസ്സിന്റെ സ്വസ്ഥത നഷ്ടപ്പെടുത്തുന്നു. സ്വസ്ഥത നശിക്കുമ്പോൾ ജീവിതത്തിലെ ആനന്ദവും സംതൃപ്തിയും ഇല്ലാതാകുന്നു.

അബൂറാഷിദ അൽകാസിമി
കുടയത്തൂർ



മുഹമ്മദ് നബി(സ്വ); അതുല്യ വ്യക്തിത്വം 12

# ഭാര്യയെ സ്നേഹിക്കുന്ന ഭർത്താവ് 02

ആഇശ(റ) പറയുന്നു: "ഞാനും അല്ലാഹുവിന്റെ ദൂതരും ഒരു പാത്രത്തിൽനിന്ന് (വെള്ളം മുക്കി) കുളിക്കുമായിരുന്നു. എന്നെ മറികടന്ന് അദ്ദേഹം വെള്ളം പകർന്ന് ഒഴിക്കുകയും അദ്ദേഹത്തെ മറികടന്ന് ഞാനും വെള്ളം പകർന്ന് ഒഴിക്കുകയും ചെയ്തിരുന്നു. അങ്ങനെ നബി(സ്വ) പറയും: 'എനിക്ക് വെള്ളം തരൂ.' ഞാൻ പറയും: 'എനിക്ക് വിട്ടുതരൂ" (ബുഖാരി, മുസ്‌ലിം, നസാഈ).

നബി(സ്വ) എപ്പോഴും ഭാര്യമാരോട് അവരുടെ ഹൃദയങ്ങളിൽ സന്തോഷമുണ്ടാകണമെന്ന ആഗ്രഹത്താൽ നല്ല നിലയിൽ സഹവസിച്ചിരുന്ന മഹാനായിരുന്നു. അവരോടൊപ്പം ആഹാരം കഴിക്കുകയും അവരോട് തമാശകൾ പറയുകയും കാര്യങ്ങൾ കൂടിയാലോചിക്കുകയും അവരുടെ അഭിപ്രായങ്ങൾ കേൾക്കുകയും അവർക്ക് സമാധാന വഴി കാണിച്ചുകൊടുക്കുകയും അവരുടെ  പോരായ്മകൾ കണ്ടില്ലെന്ന് നടിക്കുകയും ചെയ്യുമായിരുന്നു.

ഇബ്നു അബ്ബാസ്(റ) നിവേദനം: "നബി(സ്വ)യും മൈമൂന(റ)യും ഒരു പാത്രത്തിൽനിന്ന് വെള്ളമെടുത്തു കുളിക്കുമായിരുന്നു" (ബുഖാരി, മുസ്‌ലിം).

ഉമ്മുസലമ(റ) പറയുന്നു: "ഞാനും നബി(സ്വ)യും ഒരു പാത്രത്തിൽനിന്നും ജനാബത്ത് കുളി നിർവഹിക്കുമായിരുന്നു" (ബുഖാരി, മുസ്‌ലിം).

ഇതിലൂടെ ഏറ്റവും നല്ല ഭർത്താവിന്റെയും ഭർത്താവിനെ സ്നേഹിക്കുന്ന ഭാര്യയുടെയും ജീവിതം വായിക്കാൻ കഴിയും.

ഭാര്യയെ സ്നേഹം പ്രകടമാക്കുന്ന പേര് വിളിക്കൽ: ആഇശ(റ) പറയുന്നു: "നബി(സ്വ) ഒരു ദിവസം എന്നോട് പറഞ്ഞു: 'ആഇശാ! ദാ, ജിബ്‌രീൽ നിനക്ക് സലാം പറയുന്നു.' അപ്പോൾ ഞാൻ പറഞ്ഞു: 'വ അലൈഹിസ്സലാം വ റഹ്മത്തുല്ലാഹി വ ബറകാതുഹു" (ബുഖാരി, മുസ്‌ലിം).

നബി(സ്വ) ആഇശ(റ)യെ ഹുമൈറാഅ് (റോസ് നിറമുള്ള പെണ്ണേ) എന്ന് വിളിക്കുമായിരുന്നു.

ഇന്ന് ചില പുരുഷന്മാർ അവരുടെ ഭാര്യമാരെ ഫോൺ സംഭാഷണങ്ങൾക്കിടയിൽ വളരെ മോശമായി അഭിസംബോധന ചെയ്യുന്നതായി കാണുന്നു. അന്യസ്ത്രീകളെ വളരെ സ്നേഹത്തോടെ വിളിക്കുകയും ചെയ്യും.

ഭാര്യമാരെ സദ്യക്ക് കൊണ്ടുപോകൽ:

അനസ് ഇബ്നു മാലിക്(റ) നിവേദനം: "നബി(സ്വ)യുടെ ഒരു പേർഷ്യക്കാരനായ അയൽവാസി നന്നായി കറി പാചകം ചെയ്യുമായിരുന്നു. ഒരിക്കൽ നബി(സ്വ)ക്ക് വേണ്ടി പാചകം ചെയ്തിട്ട് ക്ഷണിക്കാനായി വന്നു. നബി(സ്വ) ചോദിച്ചു: 'ആഇശ(റ) ക്കും കൂടി തയ്യാറാക്കിയിട്ടുണ്ടോ?' അദ്ദേഹം പറഞ്ഞു: 'ഇല്ല.' അപ്പോൾ നബി(സ്വ) പറഞ്ഞു: 'എന്നാൽ ഞാനില്ല.' അദ്ദേഹം വീണ്ടും നബി(സ്വ)യെ ക്ഷണിച്ചു. അപ്പോഴും നബി(സ്വ) 'ഇവൾക്ക് കൂടി ഉണ്ടോ' എന്ന് ചോദിച്ചു. അദ്ദേഹം 'ഇല്ല' എന്ന് പറഞ്ഞപ്പോൾ നബി(സ്വ) പറഞ്ഞു: 'എന്നാൽ ഞാനും ഇല്ല.' വീണ്ടും അദ്ദേഹം നബി(സ്വ)യെ ക്ഷണിച്ചു. അപ്പോൾ നബി(സ്വ) ചോദിച്ചു: 'ഇവൾക്ക് കൂടി ഉണ്ടോ?' മൂന്നാം തവണയും അദ്ദേഹം പറഞ്ഞു: 'ഉണ്ട്.' അങ്ങനെ അവർ രണ്ടുപേരും അദ്ദേഹത്തിന്റെ വീട്ടിലേക്ക് പോയി" (മുസ്‌ലിം).

ഇമാം നവവി(റ) പറയുന്നു: "ഭാര്യയെ കൂട്ടാതെ നബി(സ്വ)ക്ക് ഒറ്റയ്ക്ക് പോയി ആഹാരം കഴിക്കുന്നത് ഇഷ്ടമായിരുന്നില്ല." എത്ര സുന്ദരമായ കുടുംബജീവിതം!

ഇഅ്തികാഫ് ഇരിക്കുമ്പോളും ഭാര്യമാർ വന്നാൽ നബി(സ്വ)യുടെ നല്ല സമീപനം:

സ്വഫിയ്യ ബിൻത് ഹുയയ്യ്(റ) പറയുന്നു: "നബി(സ്വ) ഇഅ്തികാഫ് ഇരിക്കുകയായിരുന്നു. ആ സമയം ഞാൻ അദ്ദേഹത്തെ സന്ദർശിക്കാൻ രാത്രി ചെന്നു. ഞാൻ നബിയോട് സംസാരിച്ചുകൊണ്ടിരുന്നു. പിന്നീട് ഞാൻ വീട്ടിലേക്ക് തിരിച്ചു പോകാൻ എഴുന്നേറ്റു. അപ്പോൾ നബി(സ്വ) എന്നോടു കൂടെ എന്നെ തിരിച്ചു കൊണ്ടുവിടാൻ വേണ്ടി എഴുന്നേറ്റു. അപ്പോൾ അൻസ്വാരികളിൽ പെട്ട രണ്ടുപേർ നടന്നു പോകുന്നു. അവർ നബി(സ്വ)യെ കണ്ടപ്പോൾ അവരുടെ നടത്തം വേഗത്തിലാക്കി. ആ അവസരത്തിൽ നബി (സ്വ) പറഞ്ഞു: 'ഇത് എന്റെ ഭാര്യ സ്വഫിയ്യയാണ്.' അപ്പോൾ അവർ പറഞ്ഞു: 'അല്ലാഹുവിന്റെ

റസൂലേ, സുബ്ഹാനല്ലാഹ്! ഞങ്ങൾക്ക് അങ്ങയെ കുറിച്ച് ഒരു തെറ്റിദ്ധാരണയുമില്ല.' നബി(സ്വ) അരുളി: 'നിശ്ചയം, പിശാച് രക്തം സിരകളിൽ ഒഴുകുന്നത് പോലെ ഒഴുകി നടക്കും. നിങ്ങളുടെ രണ്ടുപേരുടെയും ഹൃദയത്തിൽ എന്തെങ്കിലും തെറ്റായ ധാരണ വരുന്നതിനെ ഞാൻ ഭയപ്പെടുന്നു" (ബുഖാരി, മുസ്‌ലിം).

ഇഅ്തികാഫ് ഇരിക്കുമ്പോൾ പള്ളിയിൽനിന്ന് വളരെ അത്യാവശ്യമായ കാര്യങ്ങൾക്കല്ലാതെ വെളിയിലേക്ക് പോയിക്കൂടാ എന്നിരിക്കെ, ഭാര്യയുടെ സുരക്ഷിതത്വത്തിനും സംരക്ഷണത്തിനും പ്രഥമ പരിഗണന നൽകേണ്ടതാണെന്ന് മനസ്സിലാക്കി വീട്ടിലേക്ക് പോകാൻ കൂടെ പോകുന്നത് എത്ര മഹത്തരം.

ഒരു കവിയുടെ വരികൾ ഇങ്ങനെ ഭാഷാന്തരം ചെയ്യാം: "ഞങ്ങളുടെ ഭവനങ്ങൾ സ്നേഹത്തിൽ നിർമിക്കപ്പെട്ടതാണ്. ഞങ്ങളുടെ ഭാര്യമാർ അവിടെ പ്രകാശം പരത്തുന്നവരാണ്. തക്‌വ്‌യും പരോപകാരവും കൊണ്ട് അതിനെ ഞങ്ങൾ സജീവമാക്കിക്കൊണ്ടിരിക്കും; ഒപ്പം ആദരവായ നബിയുടെ തിരുചര്യകൊണ്ടും. ഈ നബി(സ്വ)യാണ് ഞങ്ങളുടെ മാർഗദർശി. ആ നബി(സ്വ) യുടെ ചര്യ നിനക്ക് മതിയായതാണ്."

നബി(സ്വ) തന്റെ ഭാര്യമാരോട് മനസ്സിലുള്ള സ്നേഹം പ്രകടിപ്പിക്കുന്നു. നമ്മിൽ പലരുമാകട്ടെ അത് ഒളിച്ചുവെക്കുന്നു. നബി(സ്വ) കളിതമാശകളുമായി അവരുടെ കൂടെ സല്ലപിക്കുന്നു. ഏറ്റവും നല്ല പേരുകൊണ്ട് സംബോധന ചെയ്യുന്നു. വീട്ടിൽനിന്ന് പുറത്തു പോകുന്ന നേരം ചുംബനങ്ങളർപ്പിക്കുന്നു. ചെവിയിൽ ചുണ്ട് ചേർത്ത് സ്വകാര്യം പറയുന്നു. ഒരിക്കലും ആ കൈകൾ ഉപദ്രവിക്കാൻ നീട്ടിയിട്ടില്ല. ആ കരങ്ങൾ നന്മയുടെ അരുവി ഒഴുകുന്നതാണ്.

നബി(സ്വ) അവിടുത്തെ പരിശുദ്ധകളായ സഹധർമിണിമാരുമൊത്ത് തൃപ്തികരമായ,

നബി(സ്വ) തന്റെ ഭാര്യമാരോട് മനസ്സിലുള്ള സ്നേഹം പ്രകടിപ്പിക്കുന്നു. നമ്മിൽ പലരുമാകട്ടെ അത് ഒളിച്ചുവെക്കുന്നു. നബി(സ്വ) കളിതമാശകളുമായി അവരുടെ കൂടെ സല്ലപിക്കുന്നു. ഏറ്റവും നല്ല പേരുകൊണ്ട് സംബോധന ചെയ്യുന്നു. വീട്ടിൽനിന്ന് പുറത്തു പോകുന്ന നേരം ചുംബനങ്ങളർപ്പിക്കുന്നു. ചെവിയിൽ ചുണ്ട് ചേർത്ത് സ്വകാര്യം പറയുന്നു. ഒരിക്കലും ആ കൈകൾ ഉപദ്രവിക്കാൻ നീട്ടിയിട്ടില്ല. ആ കരങ്ങൾ നന്മയുടെ അരുവി ഒഴുകുന്നതാണ്. നബി(സ്വ) അവിടുത്തെ പരിശുദ്ധകളായ സഹധർമിണിമാരുമൊത്ത് തൃപ്തികരമായ, വിജയകരമായ ജീവിതം നയിച്ചു.

വിജയകരമായ ജീവിതം നയിച്ചു. അത് അല്ലാഹുവിന്റെ ഈ വചനത്തെ അന്വർഥമാക്കിയ ജീവിതമായിരുന്നു: "അവരോട് നിങ്ങൾ മര്യാദയോടെ സഹവർത്തിക്കേണ്ടതുണ്ട്" (അന്നിസാഅ് 19).

നബി(സ്വ) പറഞ്ഞു: "നിങ്ങളിൽ ഏറ്റവും ഉത്തമൻ തന്റെ ഭാര്യയിലേക്ക് ഉത്തമനായവനാണ്" (തിർമിദി). (ഭാര്യയോട് ഏറ്റവും നല്ലനിലയിൽ വർത്തിക്കുന്നവനാണ്)

നബി(സ്വ) അരുളി: "വിശ്വാസികളിൽ ഏറ്റവും പരിപൂർണ ഈമാനുള്ളയാൾ അവരിൽ ഏറ്റവും നല്ല സ്വഭാവമുള്ളവനാണ്. നിങ്ങളിൽ ഏറ്റവും ഉത്തമർ നിങ്ങളുടെ ഭാര്യമാരോട് ഏറ്റവും നല്ല സ്വഭാവം കാഴ്ചവെക്കുന്നവരാണ്."

നബി(സ്വ) ഒരിക്കൽ പോലും ഒരു സ്ത്രീയെ അപമാനിച്ചതായോ അടിച്ചതായോ ഉദ്ധരിക്കപ്പെട്ടിട്ടില്ല. ആഇശ(റ) പറയുന്നു: "നബി(സ്വ) അവിടുത്തെ കരംകൊണ്ട് ഒന്നിനെയും-ഭാര്യയെയാകട്ടെ സേവകരെയാകട്ടെ-തീരെ ഉപദ്രവിച്ചിട്ടില്ല, അല്ലാഹുവിന്റെ

മാർഗത്തിൽ ധർമസമരം ചെയ്യുന്നതിനല്ലാതെ” (മുസ്‌ലിം).

നബി(സ്വ) പറഞ്ഞു: ‘നിങ്ങൾ അല്ലാഹുവിന്റെ ദാസിമാരെ അടിക്കരുത്.’ അപ്പോൾ ഉമർ(റ) നബി(സ്വ)യുടെ അടുക്കൽ വന്നിട്ട് പറഞ്ഞു: ‘സ്ത്രീകൾ അവരുടെ ഭർത്താക്കന്മാരോട് അനുസരണക്കേട് കാണിക്കുന്നല്ലോ.’ അപ്പോൾ നബി(സ്വ) അവരെ അടിക്കുന്നതിന് ഇളവു നൽകി. പിന്നീട് നബി(സ്വ) യുടെ വീട്ടുവളപ്പിൽ ധാരാളം സ്ത്രീകൾ അവരുടെ ഭർത്താക്കന്മാരെ കുറിച്ച് അടിയുടെ പേരിൽ പരാതിയുമായി വളഞ്ഞു. അപ്പോൾ നബി(സ്വ) പറഞ്ഞു: ‘മുഹമ്മദ് കുടുംബത്തിൽ ധാരാളം സ്ത്രീകൾ അവരുടെ ഭർത്താക്കന്മാരെ കുറിച്ച് പരാതി പറയാൻ കൂട്ടമായി വന്നിരിക്കുകയാണ്. ഭാര്യമാരെ അടിക്കുന്നവർ നിങ്ങളിൽ നല്ലവരല്ല” (അബുദാവൂദ്).

നിസ്സാര കാര്യങ്ങൾക്കു പോലും ഭാര്യമാരെ ചീത്ത പറയുകയും മർദിക്കുകയും ചെയ്യുന്ന ഭർത്താക്കൻമാർ മാറി ചിന്തിക്കുക.

നല്ല പുരുഷന്മാർ ഭാര്യമാരുടെ ഭാഗത്തുനിന്ന് ഉണ്ടാകുന്ന പ്രയാസങ്ങളിൽ ക്ഷമിക്കുന്നവരായിരിക്കും. അറബികൾ സാധാരണ പറയാറുണ്ട്: “മാന്യന്മാരല്ലാതെ ഭാര്യമാരെ ബഹുമാനിക്കുകയില്ല. മാന്യത കെട്ടവരല്ലാതെ അവരെ നിസ്സാരമാക്കുകയുമില്ല. മാന്യരായ ഭർത്താക്കന്മാരെ ഭാര്യമാർ പരാജയപ്പെടുത്തും; നിസ്സാരന്മാർ ഭാര്യമാരെ പരാജയപ്പെടുത്തും.”

നബി(സ്വ) ഭാര്യമാരോട് സൗമ്യമായി പെരുമാറുവാൻ ഉപദേശിച്ചു: അബൂഹുറയ്റ(റ) നിവേദനം: നബി(സ്വ) പറഞ്ഞു: “സ്ത്രീകളോട് നിങ്ങൾ നന്മ ഉപദേശിക്കുക, കാരണം അവർ വാരിയെല്ലിനാൽ പടക്കപ്പെട്ടവരാണ്. വാരിയെല്ലിൽ ഏറ്റവും ഉയർന്നുനിൽക്കുന്നതാണ് ഏറ്റവും മുകളിലുള്ളത്. അതിൽനിന്നാണ് അവർ പടക്കപ്പെട്ടത്; നീ അതിനെ നേരെയാക്കാൻ പോയാൽ അതിനെ ഒടിച്ചുകളയേണ്ടി വരും. എന്നാൽ അതിനെ വെറുതെ വിട്ടാൽ വളഞ്ഞുകൊണ്ടേയിരിക്കും. ആയതിനാൽ നീ സ്ത്രീകളോട് നന്മ ഉപദേശിച്ചുകൊണ്ടിരിക്കുക” (ബുഖാരി, മുസ്‌ലിം).

ഹജ്ജത്തുൽ വിദാഇലെ പ്രസംഗത്തിൽ നബി(സ്വ) അരുളി: ‘അറിയുക; സ്ത്രീകളോട് നിങ്ങൾ നന്മ ഉപദേശിക്കണം. കാരണം നിങ്ങളെ മാത്രം ആശ്രയിച്ച് കഴിയുന്നവരാണ് അവർ. അതല്ലാതെ അവരോട് നിങ്ങൾക്ക് ഒരു അധികാരവുമില്ല” (തിർമുദി).

നബി(സ്വ) ഭാര്യമാരുടെ കാര്യത്തിൽ ആവർത്തിച്ച് ഉപദേശവും നൽകിയിരുന്നത്; ദേഷ്യം വരുന്ന സന്ദർഭത്തിൽ മനസ്സിനെ നിയന്ത്രിക്കാൻ സാധിക്കാത്ത പുരുഷന്മാർ ഭാര്യമാരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്ന അസ്വാരസ്യങ്ങളിൽ സൂക്ഷ്മത പാലിക്കുവാനാണ്; കുടുംബ ജീവിതം ശിഥിലമാകാതിരിക്കുവാനാണ്.

അബൂഹുറയ്റ നിവേദനം: നബി(സ്വ) പറഞ്ഞു: “ഒരു വിശ്വാസിയും വിശ്വാസിനിയായ ഭാര്യയെ ചൊറിയാതിരുന്നുകൊള്ളട്ടെ. (ദേഷ്യപ്പെടാതിരിക്കുക). അവളിൽ ചില സ്വഭാവങ്ങൾ അനിഷ്ടമായി തോന്നിയാൽ മറ്റു ചിലത് അവളിൽനിന്ന് തൃപ്തിയുള്ളതായിട്ടുണ്ടാകാം” (മുസ്‌ലിം).

നബി(സ്വ) എപ്പോഴും ഭാര്യമാരോട് അവരുടെ ഹൃദയങ്ങളിൽ സന്തോഷമുണ്ടാകണമെന്ന ആഗ്രഹത്താൽ നല്ല നിലയിൽ സഹവസിച്ചിരുന്ന മഹാനായിരുന്നു. അവരോടൊപ്പം ആഹാരം കഴിക്കുകയും അവരോട് തമാശകൾ പറയുകയും കാര്യങ്ങൾ കൂടിയാലോചിക്കുകയും അവരുടെ അഭിപ്രായങ്ങൾ കേൾക്കുകയും അവർക്ക് സമാധാന വഴി കാണിച്ചുകൊടുക്കുകയും അവരുടെ പോരായ്മകൾ കണ്ടില്ലെന്ന് നടിക്കുകയും ചെയ്യുമായിരുന്നു.

■



# വധവും ചിത്രവധവും: ചരാവ തുറന്നുവിട്ട അപായ സൂചകങ്ങൾ

പി.വി അനിൽ പ്രിംറോസ്
: 9895881178

"History repeats itself, first as tragedy, second as farce' എന്ന് പറഞ്ഞുവച്ചത് ജർമൻ തത്ത്വചിന്തകനായ കാൾ മാർക്സ് ആയിരുന്നു. 1852ൽ രചിച്ച തന്റെ "The Eighteenth Brumaire of Louis Bonaparte' എന്ന പ്രസിദ്ധമായ ഗ്രന്ഥത്തിൽ നെപ്പോളിയൻ ഒന്നാമന്റെയും അനന്തരവനായ നെപ്പോളിയൻ മൂന്നാമന്റെയും ഭരണത്തെ കുറിച്ചും അതിനെത്തുടർന്നുള്ള പ്രൊപഗണ്ടയെ കുറിച്ചും വിമർശിച്ചെഴുതിയ വാചകം പിന്നീട് സമാന സാഹചര്യങ്ങളിൽ പലവുരു എടുത്തുദ്ധരിക്കപ്പെട്ടു. ഔറംഗസേബും ശിവജി സംഭാജിയുമായി ബന്ധപ്പെട്ട പുതിയ സംഭവവികാസങ്ങളിൽ ഒരിക്കൽ കൂടി ഈ വാചകം പ്രസക്തമാവുകയാണ്.

ശിവജി സംഭാജിയെ മഹത്ത്വവൽക്കരിച്ചും ഔറംഗാസേബിനെ പരിഹാസ്യനാക്കിയും, ആസന്നമായ മഹാരാഷ്ട്രാ തെരഞ്ഞെടുപ്പിനെ മുൻനിർത്തി സംവിധാനം ചെയ്ത ഛാവയുടെ റിലീസിംഗോടെ പുതിയൊരു വർഗീയ ഭൂതത്തെയാണ് ഇന്ത്യയിൽ തുറന്നുവിട്ടിരിക്കുന്നത്. 400 വർഷം മുമ്പത്തെ ഭാരതീയ ചരിത്രത്തെ പോലും വർഗീയ വിദ്വേഷത്തിന്റെ ഇന്ധനമാക്കി മാറ്റാനുള്ള സംഘ്പരിവാർ ചിന്തകൾ നൽകുന്ന സൂചകങ്ങൾ ഭീതിപ്പെടുത്തുന്നതാണ്.

ശിവജി സംഭാജിയെ മഹത്ത്വവൽക്കരിച്ചും ഔറംഗസേബിനെ പരിഹാസ്യനാക്കിയും, ആസന്നമായ മഹാരാഷ്ട്രാ തെരഞ്ഞെടുപ്പിനെ മുൻനിറുത്തി ലക്ഷ്മൺ ഉത്തേക്കർ സംവിധാനം നിർവഹിച്ച ഹിസ്റ്റോറിക്കൽ ആക്ഷൻ ചിത്രമായ ഛാവയുടെ റിലീസിംഗോടെ പുതിയൊരു വർഗീയ ഭൂതത്തെയാണ് ഇന്ത്യയിൽ തുറന്നുവിട്ടിരിക്കുന്നത്.

'ദ കേരള സ്റ്റോറി,' 'കശ്മീർ ഫയൽസ്,' 'സ്വാതന്ത്ര്യവീർ സവർക്കർ,' '72 ഹൂറൈൻ,' 'സമ്രാട്ട് പൃഥിരാജ്'... തുടങ്ങി സമീപകാലത്ത് വർഗീയ അജണ്ടയുമായി ഹിന്ദുത്വ മീഡിയ പടച്ചുവിട്ട നിരവധി സിനിമകൾ എട്ടുനിലയിൽ പൊട്ടിയ സമയത്താണ് ബോളിവുഡ് താരം വിക്കി കൗശലിനെ നായകനാക്കി പുറത്തിറക്കിയ 'ഛാവ' വൻ വിജയമായി മാറിയിരിക്കുന്നത്. ആർഎസ്എസ് ശാഖകൾ, സോഷ്യൽ മീഡിയ, ബിജെപിയുടെ ഐടി സെൽ, മുഖ്യധാരാ മാധ്യമങ്ങൾ... തുടങ്ങിയവയുടെയെല്ലാം സംഘടിത ശ്രമങ്ങളുടെ ഫലമായാണ് മഹാരാഷ്ട്ര തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് ഇത്തരമൊരു ഫിലിം പുറത്തിറക്കിയത് എന്നത് നിസ്തർക്കമായ കാര്യമാണ്.

ഛത്രപതി ശിവജി മഹാരാജിന്റെ മൂത്ത മകനായിരുന്ന ഛത്രപതി സംഭാജി മഹാരാജിന്റെ ജീവിതത്തിലെ ചില സംഭവങ്ങളെ മാത്രം തിരഞ്ഞെടുത്ത്, ഔറംഗസേബിനെ 'ക്രൂരനും ഹിന്ദുവിരുദ്ധനു'മായി ചിത്രീകരിക്കുന്ന 126 മിനിറ്റ് ദൈർഘ്യമുള്ള ഈ ചിത്രത്തിൽ ഏകദേശം 40 മിനിറ്റ് സംഭാജി മഹാരാജിന്റെ പീഡനരംഗങ്ങൾക്കായി ചെലവഴിക്കുന്നു എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ശിവജി സാമന്തിന്റെ 'ഛാവ' എന്ന നോവലിനെ ആധാരമാക്കി നിർമിച്ചിരിക്കുന്ന ചിത്രത്തിലെ ചരിത്രപരമായ പിഴവുകൾക്ക് നിർമാതാക്കൾ ക്ഷമാപണം നടത്തേണ്ടി വന്നിട്ടുണ്ടെങ്കിലും മധ്യകാല ചരിത്രത്തെ 'നീതിമാന്മാരായ' ഹിന്ദു രാജാക്കന്മാർക്കെതിരെ 'ദുഷ്ടന്മാരായ' മുസ്‌ലിം രാജാക്കന്മാർ നടത്തുന്ന ക്രൂരതകൾ തന്നെയാണ് ചിത്രത്തിന്റെ മുഖ്യ പ്രമേയമത്രെ!

**ഛാവ തുറന്നുവിട്ട വർഗീയ ഭൂതം**

ഛാവ സിനിമയുടെ പശ്ചാത്തലത്തിൽ മുഗൾചക്രവർത്തി ഔറംഗസേബിന്റെ ഛത്രപതി സംഭാജിനഗറിലെ ഖുൽദാബാദിലുള്ള ശവകുടീരം നീക്കണമെന്ന ആവശ്യവുമായി സംഘപരിവാർ സംഘടനകൾ മുന്നോട്ടുവന്നു. ബജ്‌റംങ്ദൾ, വിശ്വഹിന്ദു പരിഷത്ത്, ധർമവീർ സംഭാജി മഹാരാജ് പ്രതിഷ്ഠാൻ തുടങ്ങിയ സംഘടനകളാണ് ഇതിന് ചുക്കാൻ പിടിച്ചത്. ശവകുടീരം മഹാരാഷ്ട്ര സർക്കാർ നീക്കിയില്ലെങ്കിൽ പ്രതിഷേധവും 'കർസേവ'യും നടത്തുമെന്നായിരുന്നു ഹിന്ദുത്വ സംഘടനകളുടെ ഭീഷണി. ഇതിനെത്തുടർന്ന് പ്രദേശത്ത് നിയന്ത്രണം ഏർപ്പെടുത്തിയ ഛത്രപതി സംഭാജി നഗർ ജില്ല ഭരണകൂടം, ധർമവീർ സംഭാജി മഹാരാജ് പ്രതിഷ്ഠാൻ അധ്യക്ഷൻ മിലിന്ദ് എക്ബോട്ടെക്ക് പ്രവേശനം നിഷേധിച്ച് ഉത്തരവിറക്കിയത് കൂടുതൽ പ്രതിഷേധത്തിനിടയാക്കി.

അതിനിടെ സമാജ് വാദി പാർട്ടി മഹാരാഷ്ട്ര എം.എൽ.എ അബു ആസ്മി ഔറംഗസേബിനെ പുകഴ്ത്തി വസ്തുനിഷ്ഠമായി സംസാരിച്ചതോടെ ശവകുടീരവുമായി ബന്ധപ്പെട്ട വിവാദം കൂടുതൽ കത്തിപ്പടർന്നു. ഈ പരാമർശങ്ങളുടെ പേരിൽ അബു ആസ്മിയെ മഹാരാഷ്ട്ര നിയമസഭയിൽ നിന്ന് സസ്പെൻഡ് ചെയ്യുകയും മാപ്പ് പറയിപ്പിക്കുകയും ചെയ്തു. പമാമർശത്തിൽ ശക്തമായി

ലളിതജീവിതമായിരുന്നു ഔറംഗസേബിന്റേത്. ജീവിതത്തിലെ ലാളിത്യം അദ്ദേഹത്തിന്റെ വ്യക്തിഗത ശീലങ്ങളിലും ഭരണരീതിയിലും പ്രകടമായിരുന്നു. മുഗൾ ചക്രവർത്തിമാരിൽ പലരും ആഡംബരപ്രിയരായിരുന്നപ്പോൾ, ഔറംഗസേബ് ആഡംബര വസ്ത്രങ്ങളോ ആഭരണങ്ങളോ ധരിക്കാൻ താൽപര്യം കാണിച്ചില്ല. ലളിതമായ വസ്ത്രങ്ങൾ ധരിച്ചും കൈകൊണ്ട് തൊപ്പി തുന്നിയും അദ്ദേഹം ജീവിതം നയിച്ചു. രാജാവായിരിക്കെ തന്റെ വ്യക്തിഗത ചെലവുകൾക്കായി ഖജനാവിൽനിന്ന് പണം സ്വീകരിക്കാതെ, സ്വന്തം കൈകൊണ്ട് ഖുർആൻ പകർത്തിയെഴുതി അതു വിറ്റ് വരുമാനമുണ്ടാക്കി ഭക്ഷണത്തിന് വക കണ്ടെത്തി.

പ്രതികരിച്ച യുപി മുഖ്യമന്ത്രി യോഗി ആദിത്യനാഥ് സമാജ്‌വാദിപാർട്ടിക്കെതിരെ ആഞ്ഞടിക്കുകയും ‘ആ വ്യക്തിയെ പാർട്ടിയിൽനിന്ന് പുറത്താക്കി യുപിയിലേക്ക് അയക്കണമെന്നും, ഞങ്ങൾ അദ്ദേഹത്തിന്റെ ചികിത്സ ഏറ്റെടുക്കാമെന്നും, ഛത്രപതി ശിവജി മഹാരാജിന്റെ പൈതൃകത്തിൽ ലജ്ജ തോന്നുകയും ഔറംഗസേബിനെ ആരാധനാപാത്രമായി കണക്കാക്കുകയും ചെയ്യുന്ന വ്യക്തിക്ക് നമ്മുടെ രാജ്യത്ത് താമസിക്കാൻ അവകാശമില്ല’ എന്നുമുള്ള വൈകാരിക പ്രസ്താവന നടത്തിയത് സംഭവത്തിന് രാജ്യാന്തര മാനം കൊണ്ടുവന്നു.

മറാത്ത ചക്രവർത്തി ശിവജിയുടെ പിന്മുറക്കാരനായ ബി.ജെ.പി എം.പി ഉദയൻരാജെ ഭോസ്ലെയും ശവകുടീരം നീക്കണമെന്ന് ആവശ്യപ്പെട്ട് ലഹളക്ക് നേതൃത്വം കൊടുത്തതോടെ സർക്കാർ പ്രതികരിക്കാൻ നിർബന്ധിതരായി.

ശവകുടീരം നീക്കണമെന്നു തന്നെയാണ് ആഗ്രഹിക്കുന്നതെന്നും എന്നാൽ ദേശീയപ്രാധാന്യമുള്ള സ്മാരകമെന്ന നിലയിലും ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയാണ് അത് സംരക്ഷിക്കുന്നത് എന്നതുകൊണ്ടും നിയമത്തിന്റെ ചട്ടക്കൂടിൽ നിന്നുകൊണ്ടാകണം നീക്കം ചെയ്യുന്നത് എന്ന് മാത്രമാണ് തങ്ങൾ ചിന്തിക്കുന്നത് എന്നാണ് ഭോസ്ലേക്കുള്ള മറുപടിയായി മഹാരാഷ്ട്രാ മുഖ്യമന്ത്രി ദേവന്ദ്ര ഫഡ്നാവിസ് പറഞ്ഞത്. ഇതിനോട് യോജിച്ച്, ശവകുടീരം പെട്ടെന്ന് നീക്കുന്നത് ഗുണം ചെയ്യില്ലെന്ന അഭിപ്രായം തന്നെയാണ് കേന്ദ്ര സഹമന്ത്രിയും റിപ്പബ്ലിക്കൻ പാർട്ടി ഓഫ് ഇന്ത്യ(എ) അധ്യക്ഷനുമായ രാംദാസ് അത്താവാലെയും രേഖപ്പെടുത്തിയത്.

ഇതിനിടെ ഔറംഗസേബിന്റെ ശവകുടീരം നീക്കം ചെയ്യണമെന്ന വലതുപക്ഷ ഹിന്ദു സംഘടനകളുടെ ആവശ്യത്തെത്തുടർന്ന് നാഗ്പൂരിൽ വർഗീയ ലഹള പൊട്ടിപ്പുറപ്പെട്ടു. വിശ്വഹിന്ദു പരിഷത്തും ബജ്റംഗ്ദളും നടത്തിയ പ്രതിഷേധ പ്രകടനം അക്രമാസക്തമാവുകയും ഔറംഗസേബിന്റെ കോലം കത്തിക്കുകയും ഖുർആൻ ലിഖിതങ്ങളടങ്ങിയ ‘ചാദർ’ അഗ്നിക്കിരയാക്കിയതായി ആരോപിക്കപ്പെടുകയും ചെയ്തതിനെത്തുടർന്ന് സ്ഥിതിഗതികൾ കൂടുതൽ വഷളായി. ഇതിനെത്തുടർന്ന് നിരവധി മുസ്‌ലിം സംഘടനകളിലെ അംഗങ്ങൾ ഒത്തുചേർന്ന് മഹൽ പ്രദേശത്തിന് സമീപം മാർച്ച് നടത്തുകയും അത് പോലീസിന് നേരെയുള്ള കല്ലേറിയലിലേക്ക് പരിണമിക്കുകയും ചെയ്തു. ഇത് പിന്നീട് നാഗ്പൂരിലെ ചിറ്റ്നിസ് പാർക്ക്, ഹൻസപുരി, മഹൽ പ്രദേശങ്ങളിൽ വ്യത്യസ്ത സമുദായംഗങ്ങൾ ചേരിതിരിഞ്ഞുള്ള ഏറ്റുമുട്ടലുകൾക്ക് കാരണമായി.

കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നത് ഏകപക്ഷീയമാണെന്ന മുസ്‌ലിം സമുദായത്തിന്റെ ആരോപണം ശരിവയ്ക്കുന്നതായിരുന്നു ബുൾഡോസർ രാജ് നടത്താനുള്ള മുഖ്യമന്ത്രി ഫഡ്നാവിസിന്റെ തീരുമാനം.

**ആരാണ് ഔറംഗസേബ്?**

ഇന്ത്യയിലെ ഹിന്ദുത്വ സംഘടനകളെ എക്കാലത്തും പ്രകോപിതരാക്കുന്ന ഔറംഗസേബ് ആരായിരുന്നു എന്നും എന്താണ് അദ്ദേഹത്തിന്റെ ഭരണനിലപാട് എന്നും പരിശോധിക്കേണ്ടതുണ്ട്.

മുഗൾ സാമ്രാജ്യത്തിലെ ആറാമത്തെ ചക്രവർത്തിയായിരുന്നു അബുൽ മുസഫർ മുഹിയുദ്ദീൻ മുഹമ്മദ് ഔറംഗസേബ് ആലംഗീർ. ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ ഏറ്റവും ശക്തനായ മുഗൾ ഭര

ണാധികാരികളിൽ ഒരാളായി കണക്കാക്കപ്പെടുന്ന അദ്ദേഹം 1658 മുതൽ 1707ൽ തന്റെ മരണംവരെ സുദീർഘമായ ഭരണം നടത്തി. അദ്ദേഹത്തിന്റെ ഭരണകാലം മുഗൾ സാമ്രാജ്യത്തിന്റെ വിസ്തൃതിയും ഭദ്രതയുംകൊണ്ട് ചരിത്രത്തിൽ അടയാളപ്പെടുത്തിയ ഒന്നാണെന്ന് വിമർശകർ പോലും അംഗീകരിക്കുന്നു.

1618 നവംബർ 3ന് ഗുജറാത്തിലെ ദഹോദിലായിരുന്നു ഔറംഗസേബിന്റെ ജനനം. പിതാവ് ഷാജഹാൻ ചക്രവർത്തിയുടെയും മാതാവ് മുംതാസ് മഹലിന്റെയും മകനായ ഔറംഗസേബിന് ആറ് സഹോദരന്മാരും മൂന്ന് സഹോദരിമാരുമാണ് ഉണ്ടായിരുന്നത്. ചെറുപ്രായത്തിൽതന്നെ ബുദ്ധിമാനും പഠനോത്സുകനുമായിരുന്ന അദ്ദേഹം മതവിജ്ഞാനം, യുദ്ധതന്ത്രങ്ങൾ, ഭരണകല എന്നിവയിൽ പ്രാവീണ്യം നേടി. ഷാജഹാൻ തന്റെ പുത്രന്മാർക്കെല്ലാം സൈനികവും ഭരണപരവുമായ പരിശീലനം നൽകിയതിനാൽ ഔറംഗസേബ് ചെറുപ്പത്തിൽതന്നെ വിവിധ പ്രവിശ്യകളുടെ ഗവർണറായി നിയമിക്കപ്പെട്ടു.

1658ൽ ഷാജഹാൻ ഗുരുതരമായി രോഗബാധിതനായപ്പോൾ, പുത്രന്മാർ തമ്മിൽ അധികാര യുദ്ധം ആരംഭിച്ചു. ഔറംഗസേബിന്റെ പ്രധാന എതിരാളി മൂത്ത സഹോദരനായ ദാരാ ശികോ ആയിരുന്നു. എന്നാൽ ഔറംഗസേബ്, തന്റെ സൈനിക തന്ത്രജ്ഞതയും രാഷ്ട്രീയ ചതുരതയും ഉപയോഗിച്ച്, 1658ൽ സമ്മന്തപൂർ യുദ്ധത്തിൽ സഹോദരനായ ദാരയെ പരാജയപ്പെടുത്തി വധിക്കുകയും ചക്രവർത്തിയായി അവരോധിതനാവുകയും ചെയ്തു.

ഔറംഗസേബിന്റെ ഭരണം 49 വർഷം നീണ്ടുനിന്നു. ഡക്കാൻ മേഖലയിലെ മറാത്തകൾ, ഗോൽക്കൊണ്ട (1687), ബീജാപൂർ (1686) എന്നീ സുൽത്താനേറ്റുകൾ കീഴടക്കി മുഗൾ സാമ്രാജ്യത്തിന്റെ അതിർത്തി വിപുലീകരിച്ചതും മുഗൾ സാമ്രാജ്യത്തിന്റെ ഭൂപ്രദേശം പരമാവധി വിസ്തൃതിയിലെത്തിയതും ഇക്കാലത്തായിരുന്നു. ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ തെക്കൻ ഭാഗങ്ങളിലേക്കുവരെ ഇക്കാലത്ത് മുഗൾ സാമ്രാജ്യം വളർന്നു. ഭരണത്തിൽ കർക്കശമായ നിയന്ത്രണങ്ങൾ കൊണ്ടുവരുമ്പോൾ തന്നെ പ്രവിശ്യാ ഗവർണർമാരെ (സുബേദാർമാർ) നിരന്തരം മാറ്റി, അവർക്ക് അധികാരം കേന്ദ്രീകരിക്കാനുള്ള അവസരം നിഷേധിക്കുകയും അതുവഴി സാമ്രാജ്യത്തിന്റെ ഐക്യം ശക്തിപ്പെടുത്തുകയും ചെയ്തു. കൃഷിഭൂമിയിൽനിന്നുള്ള നികുതി ശേഖരണം കർശനമാക്കി സാമ്രാജ്യത്തിന്റെ സാമ്പത്തിക അടിത്തറ ഭദ്രമാക്കിയതും ഇക്കാലത്താണ്.



ഇസ്‌ലാമിക നിയമങ്ങളുടെ ഒരു സമാഹാരമായ ‘ഫത്‌വാ-ഇ-ആലംഗീരി’ തയ്യാറാക്കുകയും നീതിന്യായ വ്യവസ്ഥയെ ഏകീകരിക്കുകയും മുഗൾ ഭരണത്തിന് നിയമപരമായ ചട്ടക്കൂട് നിർമിച്ച് നൽകുകയും ചെയ്തതും ഇക്കാലത്ത് തന്നെയാണ്.

ഔറംഗസേബ് തന്റെ ഭരണകാലത്ത് സൈന്യത്തെ ശക്തിപ്പെടുത്തുകയും ആധുനിക യുദ്ധോപകരണങ്ങളും യുദ്ധതന്ത്രങ്ങളും സ്വായത്തമാക്കുകയും അത് പ്രയോഗവൽക്കരിക്കുകയും ചെയ്തു. മുഗൾ സൈന്യത്തിന് വലിയ വെല്ലുവിളിയായിരുന്ന മറാത്ത നേതാവ് ശിവജിയുടെ ഗറില്ലാ യുദ്ധതന്ത്രങ്ങളെ പ്രതിരോധിക്കാനുപയോഗിച്ചതും യുദ്ധരംഗത്തെ ഈ ആധുനികവൽ

> ഇസ്‌ലാമികാധ്യാപനങ്ങൾ ഏറെക്കുറെ സ്വജീവിതത്തിൽ പകർത്താൻ ശ്രമിച്ചിരുന്ന ഭരണാധികാരിയായിരുന്നു അദ്ദേഹം എന്നതിനാലാണത്. ക്വുർആൻ പകർത്തിയെഴുതിയും തൊപ്പി തുന്നിയും തന്റെ ദൈനംദിനാവശ്യങ്ങൾക്കുള്ള പണം കണ്ടെത്തിയ അദ്ദേഹം ഹിന്ദു-സിഖ് പ്രജകൾക്കെതിരെ വിവേചനപരമായ മതനയം വച്ചുപുലർത്തിയിരുന്ന ആളാണ് എന്നും, ക്ഷേത്രധ്വംസനങ്ങൾ നിർബാധം നടത്തിയിരുന്നു എന്നുമാണ് 'ഛാവാ' എന്ന മറാത്തി ചരിത്ര സിനിമ ആരോപിക്കുന്നത്.

ക്കരണമായിരുന്നു.

ലളിതജീവിതമായിരുന്നു ഔറംഗസേബിന്റേത്. ജീവിതത്തിലെ ലാളിത്യം അദ്ദേഹത്തിന്റെ വ്യക്തിഗത ശീലങ്ങളിലും ഭരണരീതിയിലും പ്രകടമായിരുന്നു. മുഗൾ ചക്രവർത്തിമാരിൽ പലരും ആഡംബരപ്രിയരായിരുന്നപ്പോൾ, ഔറംഗസേബ് ആഡംബര വസ്ത്രങ്ങളോ ആഭരണങ്ങളോ ധരിക്കാൻ താൽപര്യം കാണിച്ചില്ല. ലളിതമായ വസ്ത്രങ്ങൾ ധരിച്ചും കൈകൊണ്ട് തൊപ്പി തുന്നിയും അദ്ദേഹം ജീവിതം നയിച്ചു. രാജാവായിരിക്കെ തന്റെ വ്യക്തിഗത ചെലവുകൾക്കായി ഖജനാവിൽനിന്ന് പണം സ്വീകരിക്കാതെ, സ്വന്തം കൈകൊണ്ട് ക്വുർആൻ പകർത്തിയെഴുതി അതു വിറ്റ് വരുമാനമുണ്ടാക്കി ഭക്ഷണത്തിന് വക കണ്ടെത്തി. മുൻ ചക്രവർത്തിമാർ സിംഹാസനത്തിന്റെ ഭംഗി വർധിപ്പിക്കാനായി ആഡംബര വസ്തുക്കളുടെ ശേഖരം തന്നെ തയ്യാറാക്കിയപ്പോൾ, ഔറംഗസേബ് ഇത്തരം പ്രദർശനങ്ങളിൽ താൽപര്യം കാണിച്ചില്ലെന്നു മാത്രമല്ല ദർബാറിലെ അലങ്കാരങ്ങളും ആർഭാടങ്ങളും എടുത്തുകളയുകയും ചെയ്തു. വിനോദങ്ങളിലോ സംഗീതത്തിലോ താൽപര്യം കാണിക്കാതെ ജനങ്ങളുടെ ക്ഷേമത്തിനും മതപരമായ കർത്തവ്യങ്ങൾക്കും മുൻഗണന നൽകിയായിരുന്നു അദ്ദേഹം ഭരണം മുന്നോട്ടുകൊണ്ടുപോയത്.

1707 ഫെബ്രുവരി 20ന് അഹമ്മദ് നഗറിൽവച്ച് 88ാം വയസ്സിൽ ഔറംഗസേബ് മരണമടഞ്ഞു. മരണാനന്തരം, ലളിതമായ ക്വബ്ർ മാത്രം മതിയെന്ന അദ്ദേഹത്തിന്റെ വസ്വിയ്യത്തനുസരിച്ച് താജ്മഹൽ പോലുള്ള മുൻഗാമികളുടെ ഭംഗിയാർന്ന സ്മാരകങ്ങളിൽനിന്ന് വ്യത്യസ്തമായി ഔറംഗാബാദിലെ ഖുൽദാബാദിൽ ഒരു എളിയ സ്ഥലത്താണ് അദ്ദേഹത്തിന്റെ ക്വബ്ർ ഒരുക്കിയത്. ഇതിനായുള്ള പണം പോലും തന്റെ സ്വന്തം വരുമാനത്തിൽനിന്ന് അദ്ദേഹം മാറ്റിവച്ചിരുന്നു. ഈ ക്വബ്റാണ് ഛാവ സിനിമയുടെ പശ്ചാത്തലത്തിൽ പൊളിക്കണമെന്ന് ഹിന്ദുത്വ സംഘടനകൾ ആക്രോശിക്കുന്നത്.

### ഔറംഗസേബിനെ കുറിച്ചുള്ള വിമർശനങ്ങളും വസ്തുതയും

'മുസ്‌ലിം അസഹിഷ്ണുത'യുടെ ഇന്ത്യൻ പകർപ്പായി എന്നും വിമർശകർ ഉയർത്തിക്കാണിക്കാറുള്ളത് ഔറംഗസേബിനെയാണ്. ഇസ്‌ലാമികാധ്യാപനങ്ങൾ ഏറെക്കുറെ സ്വജീവിതത്തിൽ പകർത്താൻ ശ്രമിച്ചിരുന്ന ഭരണാധികാരിയായിരുന്നു അദ്ദേഹം എന്നതിനാലാണത്. ക്വുർആൻ പകർത്തിയെഴുതിയും തൊപ്പി തുന്നിയും തന്റെ ദൈനംദിനാവശ്യങ്ങൾക്കുള്ള പണം കണ്ടെത്തിയ അദ്ദേഹം ഹിന്ദു-സിഖ് പ്രജകൾക്കെതിരെ വിവേചനപരമായ മതനയം വച്ചുപുലർത്തിയിരുന്ന ആളാണ് എന്നും, ക്ഷേത്രധ്വംസനങ്ങൾ നിർബാധം നടത്തിയിരുന്നു എന്നുമാണ് 'ഛാവാ' എന്ന മറാത്തി ചരിത്ര സിനിമ ആരോപിക്കുന്നത്.

യഥാർഥത്തിൽ, ഇന്ത്യയിൽ ഹൈന്ദവഭരണാധികാരികൾ ഭരിച്ചിരുന്ന സമയത്ത് മുസ്‌ലിം ഭരണകാലത്തുള്ളതിനെക്കാളേറെ ക്ഷേത്രനശീകരണങ്ങൾ നടന്നിരുന്നുവെന്നതിന് വ്യക്തമായ തെളിവുകളുണ്ട്. മറാത്ത-രജപുത്രരാജാക്കന്മാർ അന്യനാടുകളിൽ പോയി ക്ഷേത്രധ്വംസനം നടത്തി ധനവും സ്വർണവും കൊള്ളയടിച്ചതായി കാണാം. 1791ൽ ശൃംഗേരിമഠം കൊള്ളയടിച്ച് വൈദിക ബ്രാഹ്മണൻമാരെ കൊന്നു കളഞ്ഞ മറാത്താ രാജാവ് രഘുനാഥറാവുവും, ദാഭോയിലെയും കാംബോയിലെയും ജൈനക്ഷേത്രങ്ങൾ കൊള്ളയടിച്ച പർ

മാര വംശഭരണാധികാരി സുഭതവർമ (1193-1210) ഈ ഗണത്തിൽ പെടുന്നവരാണ്. ഹർഷനെപ്പോലെ പല ഭരണാധികാരികളും ഇക്കാര്യത്തിനായി പ്രത്യേക സേനാവിഭാഗം തന്നെ സ്ഥാപിച്ചതായും ചരിത്രത്തിൽ കാണാം. എന്നാൽ 25 വർഷം താൻ ജീവിച്ച ഡക്കാനിലെ ഒരൊറ്റ ക്ഷേത്രത്തിന് പോലും പോറലേൽപിക്കാത്ത ഔറംഗസേബിനെതിരെ വർഗീയത ആരോപിക്കുന്നവരെ അതിന് പ്രേരിപ്പിച്ചത് അദ്ദേഹം ഭരണരംഗത്ത് നടപ്പാക്കിയ ധാർമിക നിലപാടുകളാണെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്.

മദ്യപാനം, കൈക്കൂലി, അന്യായമായ നികുതി പരിവ്, നഗ്നതാപ്രദർശനം... തുടങ്ങിയ അധാർമിക വൃത്തികൾക്കെതിരെ കർശനനിയമങ്ങൾ കൈക്കൊണ്ട അദ്ദേഹം ഹിന്ദുത്വർ പൂജനീയനായി കരുതുന്ന മറാത്താ നേതാവ് ശിവജിയെ പല യുദ്ധങ്ങളിലും പരാജയപ്പെടുത്തുകയുമുണ്ടായി. ഒരു ശരാശരി ഹിന്ദുത്വ ചരിത്രകാരന് ഔറംഗസേബിനെ വർഗീയവാദിയാക്കാൻ ഇതിൽപരം കാരണങ്ങളൊന്നും വേണ്ടതില്ലല്ലോ!

ഔറംഗസേബ് ആലംഗീറിന്റെ പേരിൽ ക്ഷേത്രധ്വംസനമാരോപിക്കുന്നവർക്ക് സ്വാതന്ത്ര്യസമര സേനാനിയായിരുന്ന ഇ. മൊയ്തുമൗലവി നൽകുന്ന മറുപടി ‘ഔറംഗസീബ്’ എന്ന പുസ്തകത്തിൽ കാണാം. ‘25 വർഷത്തോളം ആലംഗീർ ചക്രവർത്തി ഡക്കാനിൽ താമസിക്കുകയുണ്ടായി. ഡക്കാൻ പ്രദേശമാകട്ടെ, ആയിരക്കണക്കായ ഹൈന്ദവ ക്ഷേത്രങ്ങളും ദേവാലയങ്ങളുമുള്ള സ്ഥലമാണ്. എന്നാൽ ഒരൊറ്റ ഹൈന്ദവക്ഷേത്രത്തിന് നേരെയെങ്കിലും സുൽത്താൻ ആലംഗീർ ആക്രമണം നടത്തിയതായി ഒരു ചരിത്ര ഗ്രന്ഥത്തിലും രേഖപ്പെടുത്തിയിട്ടില്ല. ആൾവാറിലെ പ്രസിദ്ധമായ ഹൈന്ദവക്ഷേത്രത്തിൽ നൂറുകണക്കിനായ പ്രതിമകളും വിഗ്രഹങ്ങളും ഉണ്ടായിരുന്നു. ആലംഗീർ ആൾവാറിൽനിന്ന് ഒന്നുരണ്ട് മൈൽ അകലെയുള്ള ഒരു സ്ഥലത്താണ് കബറടക്കപ്പെട്ടിരിക്കുന്നത്. ആലംഗീറിന് മുമ്പ് തന്നെ അവിടെ വലിയ വലിയ മതപണ്ഡിതന്മാരുടെ കബറുകളുണ്ട്. എന്നാൽ അവിടയുണ്ടായ ബിംബങ്ങൾക്കും പ്രതിമകൾക്കും യാതൊരു കോട്ടവും തട്ടിയിട്ടുണ്ടായിരുന്നില്ല. അവ ഇപ്പോഴും ഉണ്ട്” (ഔറംഗസീബ്: ഇ. മൊയ്തുമൗലവി, പേജ് 126,127).

മാത്രമല്ല; ഇതരമതസ്ഥരുടെ ആരാധനാലയങ്ങളോടും അതിലെ പുരോഹിതന്മാരോടും നീതിയോടെ വർത്തിക്കാനും അവരെ ശല്യപ്പെടുത്തുന്നവർക്കെതിരെ നടപടിയെടുക്കാനുമുള്ള ആർജവവും ഔറംഗസേബ് കാണിച്ചിരുന്നുവെന്ന് ചരിത്രത്തിൽ കാണാം. ബനാറസിലെ ഗവർണറായിരുന്ന അബുൽഹസന് അദ്ദേഹം നൽകിയ ഉത്തരവിൽ ഇങ്ങനെ കാണാം: ‘നീതിപൂർവകമായ നമ്മുടെ ഈ ഭരണം നടക്കുന്ന ഈ കാലത്തുപോലും ബനാറസിലും മറ്റു പ്രദേശങ്ങളിലും താമസിക്കുന്ന ഹിന്ദു പ്രജകളെ ചിലർ വൈരാഗ്യത്താലും വിദ്വേഷത്താലും വിഷമിപ്പിച്ചുകൊണ്ടിരിക്കുന്നതായി നമുക്ക് വിവരം ലഭിച്ചിരിക്കുന്നു. അവിടങ്ങളിലെ ക്ഷേത്രങ്ങളുടെ സംരക്ഷകരായ ബ്രാഹ്മണന്മാരെ അവരുടെ കൃത്യനിർവഹണത്തിൽനിന്നും ഭയപ്പെടുത്തി പിന്തിരിപ്പിക്കുവാൻ ശ്രമിക്കുന്നതായും നാം മനസ്സിലാക്കുന്നു. നമ്മോട് കൂറും വിശ്വസ്തതയുമുള്ള അബുൽഹസനോട് നാം കൽപിക്കുന്നു: ഈ ഉത്തരവ് കൈവശം കിട്ടിയ ഉടനെ തന്നെ ഇത്തരം അനാശാസ്യപ്രവർത്തനങ്ങൾ ഇല്ലാതാക്കുകയും ഭാവിയിൽ ബ്രാഹ്മണപുരോഹിതന്മാരുടെ പ്രവർത്തനങ്ങളിൽ അവർക്ക് യാതൊരു തടസ്സവും ഉണ്ടാവുകയില്ലെന്ന് ഉറപ്പ് വരുത്തുകയും വേണം. അനാദികാലം നിലനിൽക്കേണ്ടതും ദൈവദത്തമായി നൽകപ്പെട്ടതുമായ നമ്മുടെ സാമ്രാജ്യത്തിന്റെ ഉയർച്ചക്കും മനുഷ്യസമൂഹത്തിന്റെ കൂട്ടായ നന്മക്കും അവർ നടത്തുന്ന പ്രാർഥനകൾ അഭംഗുരം തുടരാൻ അനുവദിക്കുകയും വേണം. ഇത് വളരെ അടിയന്തിര കാര്യമായി കരുതി ഉടൻ നടപടികൾ സ്വീകരിക്കുക” (ഉദ്ധരിച്ചത്: സി.കെ കരീം, ചരിത്രപഠനങ്ങൾ, പുറം: 495).

*(തുടരും)*

മുഹമ്മദ് അഷ്‌റഫ്
ഏകരൂൽ



# മക്കൾ വഴിതെറ്റുന്നുവോ?

മക്കൾ വഴിതെറ്റുന്നു എന്ന പരാതി വർധിച്ച തോതിൽ രക്ഷിതാക്കളിൽനിന്ന് ഉയർന്നുകൊണ്ടിരിക്കുന്ന കാലമാണിത്. ഒരുപാട് കാരണങ്ങൾ അതിനു പിന്നിൽ ഉണ്ടാകാം. കുട്ടികൾ ലഹരിക്ക് അടിമപ്പെടുന്നത് മിക്കവാറും അത് ഉപയോഗിക്കുന്നവരുമായുള്ള കൂട്ടുകെട്ടിലൂടെയായിരിക്കും. എന്നാൽ ഇന്നത്തെ പല കുട്ടിക്കുറ്റവാളികളെയും സൃഷ്ടിക്കുന്നത് സ്വന്തം മാതാപിതാക്കൾ തന്നെയാണ് എന്നാണ് ഇതിനെക്കുറിച്ച് പഠന നിരീക്ഷണങ്ങൾ നടത്തിയവർ പറയുന്നത്!

മക്കളുടെ വ്യക്തിത്വമോ പ്രായമോ അഭിമാനമോ പരിഗണിക്കാതെയുള്ള നിരന്തര ശാപവും കോപവും അതിരുകടന്നതും അപക്വവുമാർന്നതുമായ മര്യാദ പഠിപ്പിക്കലും ശരിയല്ല. ഉപദേശിക്കുന്നത് ഇഷ്ടമല്ലാത്ത തലമുറയാണ് വളർന്നുവരുന്നത്. അതുകൊണ്ടുതന്നെ വളരെ ഗുണകാംക്ഷയോടെയുള്ള നിലയിലായിരിക്കണം ഉപദേശം നൽകുന്നത്.

മക്കളോട് മാന്യമായും മൃദുവായും പെരുമാറാൻ പഠിപ്പിക്കുന്ന ഇസ്‌ലാമിന്റെ അധ്യാപനങ്ങളൊന്നും പല രക്ഷിതാക്കളും അധ്യാപകരും മുഖവിലക്കെടുക്കുന്നില്ല. ആവശ്യത്തിൽ കവിഞ്ഞു ശിക്ഷിക്കുകയും പ്രായം പരിഗണിക്കാതെ അപമാനിക്കുകയും ചെയ്യുന്നത് നിമിത്തം മു

അല്ലാഹുവും റസൂലും എല്ലാ മനുഷ്യരോടും മാന്യമായി പെരുമാറുവാൻ പഠിപ്പിക്കുന്നു. കോപത്തെ നിയന്ത്രിക്കുവാൻ ഉപദേശിക്കുന്നു. ക്ഷമയും മാപ്പാക്കലും ജീവിത ഗുണമായി കൊണ്ടുനടക്കാൻ ആവശ്യപ്പെടുന്നു. ദയാദാക്ഷിണ്യം കൈവിടരുതെന്ന് ഓർമപ്പെടുത്തുന്നു. പരുഷ ഹൃദയം വേണ്ടപ്പെട്ടവരെ പോലും നമ്മിൽനിന്ന് അകറ്റുമെന്നു താക്കീത് നൽകുന്നു. ഇതിൽ മക്കൾ ഉൾപെടുകയില്ലെന്ന് കരുതാനൊക്കുമോ? സന്തം വീട്ടിലല്ലേ നാം ഇതെല്ലാം ആദ്യം നടപ്പിലാക്കേണ്ടത്?

റിവേൽക്കുന്ന കൗമാരവും ബാല്യവും, ധാർമികതയും കുടുംബ സംവിധാനവുമെല്ലാം പാരതന്ത്ര്യവും തന്മൂലം മനുഷ്യവിരുദ്ധവുമാണെന്ന അപകടമാർന്ന വിലയിരുത്തലിലേക്ക് എത്തുകയും സ്വന്തം നെയ്തെടുക്കുന്ന ഒരു സ്വതന്ത്ര ജീവിത രീതി ശീലിക്കുകയും നിയമ ലംഘനങ്ങളെ നിസ്സാരമായി കണ്ടുതുടങ്ങുകയും ചെയ്യുന്നു.

അല്ലാഹുവും റസൂലും എല്ലാ മനുഷ്യരോടും മാന്യമായി പെരുമാറുവാൻ പഠിപ്പിക്കുന്നു. കോപത്തെ നിയന്ത്രിക്കുവാൻ ഉപദേശിക്കുന്നു. ക്ഷമയും മാപ്പാക്കലും ജീവിത ഗുണമായി കൊണ്ടുനടക്കാൻ ആവശ്യപ്പെടുന്നു. ദയാദാക്ഷിണ്യം കൈവിടരുതെന്ന് ഓർമപ്പെടുത്തുന്നു. പരുഷ ഹൃദയം വേണ്ടപ്പെട്ടവരെ പോലും നമ്മിൽനിന്ന് അകറ്റുമെന്നു താക്കീത് നൽകുന്നു. ഇതിൽ മക്കൾ ഉൾപെടുകയില്ലെന്ന് കരുതാനൊക്കുമോ? സന്തം വീട്ടിലല്ലേ നാം ഇതെല്ലാം ആദ്യം നടപ്പിലാക്കേണ്ടത്? അല്ലാഹു പറയുന്നു: "തീർച്ചയായും അല്ലാഹു കൽപിക്കുന്നത് നീതി പാലിക്കുവാനും നന്മ ചെയ്യുവാനും കുടുംബ ബന്ധമുള്ളവർക്ക് (സഹായം) നൽകുവാനുമാണ്..." (16:90).

കുട്ടികളുടെയും കൗമാരക്കാരുടെയും ജൈവ പ്രകൃതിയാണ് കളിയോടുള്ള അവരുടെ അഭിനിവേശം. ഈ ജൈവ പ്രകൃതിയെ കണ്ടറിയുവാനും ക്രിയാത്മകമായി ഉപയോഗപ്പെടുത്തുവാനും രക്ഷിതാക്കൾക്ക് കഴിയണം. ശാരീരിക, മാനസിക ഉല്ലാസവും ആരോഗ്യവും പ്രദാനം ചെയ്യുന്ന, നിരുപദ്രവകരമായ വിനോദങ്ങൾക്കുള്ള അവസരങ്ങൾ മനഃപൂർവം നാം സൃഷ്ടിച്ചു നൽകുകയോ, അത്തരം ചുറ്റുപാടിലേക്ക് അവരെ വഴി നടത്തുകയോ ചെയ്യണം. അല്ലാത്തപക്ഷം സ്വാഭാവികമായും അവർ അവരുടെ അപകടമായ തെരഞ്ഞെടുപ്പിലൂടെ ബദൽ സംവിധാനങ്ങൾ സ്വയം തട്ടിക്കൂട്ടുകയും മോശക്കാരുടെ വൃത്തത്തിലേക്ക് ആനയിക്കപ്പെടുകയും ചെയ്യും. കുടുംബത്തിനും സമൂഹത്തിനും തലവേദന സൃഷ്ടിക്കുമാറ് അവർ വഴികേടിലേക്ക് ചെന്നെത്തുകയായിരിക്കും പിന്നീട് സംഭവിക്കുക.

ഈയിടെ കേരളത്തിലെ ചില നഗരങ്ങളിൽ നിന്ന് പിടിക്കപ്പെട്ട ബൈക്ക് മോഷ്ടാക്കളായ കുട്ടികളെ പരിശോധിച്ചതിൽ കണ്ടെത്തിയ വസ്തുത, അവരാരും ജീവിക്കുവാൻ നിവൃത്തിയില്ലാത്ത ദരിദ്ര കുടുംബങ്ങളിൽ നിന്നുള്ളവരല്ല എന്നതാണ്. ധൂർത്തടിക്കാൻ പണം വേണം. ഒഴിവ് വേളകൾ ചെലവഴിക്കുവാൻ ഉപകാരപ്രദമായ അജണ്ടകൾ അവർക്കില്ല. അവർ എവിടെയായിരുന്നു, എന്തെടുക്കുകയായിരുന്നു എന്ന് രക്ഷിതാക്കൾ അറിയുന്നില്ല, അന്വേഷിക്കുന്നുമില്ല. ഇവിടെ രക്ഷിതാക്കൾ പ്രതികളായിത്തീരുന്നു. അഞ്ചുനേരത്തെ നിർബന്ധ നമസ്കാരം മുറതെറ്റാതെ പള്ളിയിൽ വെച്ചുതന്നെ നിർവഹിക്കണം എന്ന മിനിമം അജണ്ടയെങ്കിലും ഒഴിവുകാലത്ത് ആൺകുട്ടികൾക്ക് ഉണ്ടായാൽ സമയത്തിന്റെ ഒരു നീണ്ട ലോകം അവർക്ക് മുമ്പിൽ വെറുതെ തുറന്ന് കിടക്കുന്നതായി തോന്നില്ല. കൃത്യത, സമയനിഷ്ഠ തുടങ്ങിയ നല്ല ജീവിത ശൈലികൾ ആർജിക്കാൻ അതവരെ സഹായിക്കുകയും ചെയ്യും. ■



അബ്ദുൽ ജബ്ബാർ മദീനി

# സ്വുൽഹ്
## അഥവാ ഒത്തുതീർപ്പ്

സ്വുൽഹിന്റെ അർഥം തൗഫീക് അഥവാ തർക്കം തീർക്കുക എന്നതാണ് ഭാഷാർഥം. പ്രശ്നക്കാർക്കിടയിലെ വഴക്ക് അവസാനിപ്പിക്കുന്ന കരാറാണ് മതത്തിന്റെ ഭാഷ്യത്തിൽ സ്വുൽഹ്.

സ്വുൽഹിന്റെ തെളിവുകൾ: വിശുദ്ധ ക്വുർആനും തിരുസുന്നത്തും ഇജ്മാഉം സ്വുൽഹ് മതപരമെന്നത് അറിയിക്കുന്നു. അല്ലാഹു വിശുദ്ധ ക്വുർആ നിൽ പറയുന്നു: “ഒത്തുതീർപ്പിൽ എത്തുന്നതാണ് കൂടുതൽ നല്ലത്” (ക്വുർആൻ 4:128).

“സത്യവിശ്വാസികളിൽനിന്നുള്ള രണ്ടു വിഭാഗങ്ങൾ പരസ്പരം പോരടിച്ചാൽ നിങ്ങൾ അവർക്കിടയിൽ രഞ്ജിപ്പുണ്ടാക്കണം” (ക്വുർആൻ 49: 9).

“അവരുടെ രഹസ്യാലോചനകളിൽ മിക്കതിലും യാതൊരു നൻമയുമില്ല. വല്ല ദാനധർമവും ചെയ്യാനോ സദാചാരം കൈക്കൊള്ളാനോ ജനങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കാനോ കൽപിക്കുന്ന ആളുകളുടെ വാക്കുകളിലൊഴികെ. അല്ലാഹുവിന്റെ പൊരുത്തം തേടിക്കൊണ്ട് വല്ലവനും അപ്രകാരം

ചെയ്യുന്നപക്ഷം അവന് നാം മഹത്തായ പ്രതിഫലം നൽകുന്നതാണ്'' (ക്വുർആൻ 4:114).

സുന്നത്തിൽ തിരുമൊഴി ഇപ്രകാരമുണ്ട്: "മുസ്‌ലിംകൾക്കിടയിൽ സ്വുൽഹ് (ഒത്തുതീർപ്പുണ്ടാക്കുന്നത്) അനുവദനീയമാണ്; ഹലാലിനെ ഹറാമാക്കിക്കൊണ്ടോ ഹറാമിനെ ഹലാലാക്കിക്കൊണ്ടോ ഉള്ള തീർപ്പുകളൊഴികെ.''

തിരുനബി(സ്വ) ജനങ്ങൾക്കിടയിൽ ഇസ്‌ലാഹ് നിർവഹിക്കുമായിരുന്നു. അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിച്ചും ശേഷം പ്രശ്നക്കാരുടെ പ്രീതി ഉദ്ദേശിച്ചും ജനങ്ങൾക്കിടയിൽ സ്വുൽഹ് ഉണ്ടാക്കൽ മതപരമാണെന്നതിൽ മുസ്‌ലിം സമുദായം ഏകോപിച്ചിരിക്കുന്നു.

തിരുനബി(സ്വ) ജനങ്ങൾക്കിടയിൽ ഇസ്‌ലാഹ് നിർവഹിക്കുമായിരുന്നു. അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിച്ചും ശേഷം പ്രശ്നക്കാരുടെ പ്രീതി ഉദ്ദേശിച്ചും ജനങ്ങൾക്കിടയിൽ സ്വുൽഹ് ഉണ്ടാക്കൽ മതപരമാണെന്നതിൽ മുസ്‌ലിം സമുദായം ഏകോപിച്ചിരിക്കുന്നു.

**സ്വുൽഹിന്റെ പൊതുവിലുള്ള ഇനങ്ങൾ**

ജനങ്ങൾക്കിടയിൽ സ്വുൽഹ് വിവിധ ഇനങ്ങളാണ്:

*1. ഭാര്യ-ഭർത്താക്കന്മാർക്കിടയിൽ ഭിന്നത ഭയപ്പെട്ടാലുള്ള സ്വുൽഹ്:*

അല്ലാഹു പറഞ്ഞു: "ഇനി, അവർ(ദമ്പതിമാർ) തമ്മിൽ ഭിന്നിച്ചുപോകുമെന്ന് നിങ്ങൾ ഭയപ്പെടുന്നപക്ഷം അവന്റെ ആൾക്കാരിൽനിന്ന് ഒരു മധ്യസ്ഥനെയും അവളുടെ ആൾക്കാരിൽനിന്ന് ഒരു മധ്യസ്ഥനെയും നിങ്ങൾ നിയോഗിക്കുക. ഇരുവിഭാഗവും അനുരഞ്ജനമാണ് ഉദ്ദേശിക്കുന്നതെങ്കിൽ അല്ലാഹു അവർക്കിടയിൽ യോജിപ്പുണ്ടാക്കുന്നതാണ്'' (ക്വുർആൻ 4: 35).

അല്ലെങ്കിൽ, ഭർത്താവിന്റെ അവഗണന ഭാര്യ ഭയന്നാൽ, അഥവാ ഭർത്താവിന് അവളെ വേണ്ടെന്നോ അവളിൽ അതൃപ്തനെന്നോ ഭയന്നാലുള്ള സ്വുൽഹ്. അല്ലാഹു പറഞ്ഞു:

"ഒരു സ്ത്രീ തന്റെ ഭർത്താവിൽനിന്ന് പിണക്കമോ അവഗണനയോ ഭയപ്പെടുന്നുവെങ്കിൽ അവർ പരസ്പരം വല്ല ഒത്തുതീർപ്പും ഉണ്ടാക്കുന്നതിൽ അവർക്ക് കുറ്റമില്ല. ഒത്തുതീർപ്പിൽ എത്തുന്നതാണ് കൂടുതൽ നല്ലത്'' (ക്വുർആൻ 4: 128)

2. പോരടിക്കുന്ന രണ്ടു മുസ്‌ലിം കക്ഷികൾക്കിടയിലുള്ള സ്വുൽഹ്:

അല്ലാഹു പറഞ്ഞു: "സത്യവിശ്വാസികളിൽനിന്നുള്ള രണ്ടു വിഭാഗങ്ങൾ പരസ്പരം പോരടിച്ചാൽ നിങ്ങൾ അവർക്കിടയിൽ രഞ്ജിപ്പുണ്ടാക്കണം'' (ക്വുർആൻ 49: 9).

*3. മുസ്‌ലിംകൾക്കിടയിലും യുദ്ധം ചെയ്യുന്ന അവിശ്വാസികൾക്കിടയിലുമുള്ള സ്വുൽഹ്.*

*4. സാമ്പത്തികമല്ലാത്ത വിഷയങ്ങളിൽ പ്രശ്നക്കാർക്കിടയിലെ സ്വുൽഹ്.*

*5. സാമ്പത്തിക വിഷയങ്ങളിൽ പ്രശ്നക്കാർക്കിടയിലെ സ്വുൽഹ്. അത് രണ്ടു തരത്തിലാകുന്നു:*

ഒന്ന്) അംഗീകാരമുള്ളതോടൊപ്പമുള്ള സ്വുൽഹ്. അതും രണ്ടു തരമുണ്ട്:

*1.സ്വുൽഹുൽഇബ്‌റാഅ്:* അംഗീകരിക്കപ്പെട്ട അവകാശത്തിൽ സ്വുൽഹുണ്ടാക്കലാണത്. ഒരു തന്റേടമുള്ള വ്യക്തി മറ്റൊരാൾക്ക് ഒരു കടമോ വസ്തുവോ നൽകാനുണ്ടെന്ന് അംഗീകരിക്കുന്നതുപോലെ. ശേഷം അംഗീകരിച്ചവന് വസ്തുവിലും കടത്തിലും ചിലത് ഒഴിവാക്കിക്കൊടുക്കുകയും ശേഷിക്കുന്നത് സ്വീകരിക്കുകയും ചെയ്യുക. സ്വുൽഹിനെ അറിയിക്കുന്ന മൊഴിയിലൂടെ കടത്തിൽ ചിലത് ഒഴിവാക്കിക്കൊടുക്കലാകുന്നു അത്. അവകാശി ദാനംചെയ്യൽ സാധുവാകുന്നവരിൽ പെട്ടവനായിരിക്കണം, ദാനം ചെയ്യുമെന്നത് അംഗീകരിക്കലിൽ നിബന്ധനയാക്കപ്പെടരുത് എന്നീ ശർത്തോടെ ഈ സ്വുൽഹ് അനുവദനീയമാകുന്നു.

*2. സ്വുൽഹുൽ മുആവദ:* അംഗീകരിച്ച അവകാശത്തിനു പകരം മറ്റൊരു വർഗത്തിൽ പെട്ടതിൽ സ്വുൽഹുണ്ടാക്കൽ. കടമോ വസ്തുവോ ഉണ്ടെന്ന് ഒരാൾ അംഗീകരിക്കുകയും ശേഷം അംഗീകരിക്കപ്പെട്ടതിന്റെ വകുപ്പിൽ പെടാത്തതു പകരം സ്വീകരിച്ചുകൊണ്ട് രണ്ടാളുകളും സ്വുൽഹാകുന്നതുപോലെ. ഇതിന് ബയ്ഇന്റെ (വ്യാപാരത്തിന്റെ) അതേ വിധിയാണ്. എന്നാൽ വല്ല മൻഫഅത്തിലുമാണ് (പ്രയോജനം) സ്വുൽഹെങ്കിൽ അതിന്റെ വിധി ഇജാറത്തിന്റെ

(വാടകക്കു കൊടുക്കൽ) വിധിയാണ്.

രണ്ട്) നിഷേധമുള്ളതോടൊപ്പമുണ്ടാക്കുന്ന സ്വുൽഹ്:

ഒരാൾ മറ്റൊരാളുടെ അടുക്കൽ തന്റെ ഒരു വസ്തു ഉണ്ടെന്നോ അയാളുടെ ഉത്തരവാദിത്തത്തിൽ തനിക്ക് കടമുണ്ടെന്നോ വാദിക്കുകയും അപ്പോൾ പ്രതി അത് നിഷേധിക്കുകയോ അല്ലെങ്കിൽ വാദിച്ച വിഷയം അറിയാത്തനിലക്ക് മൗനമവലംബിക്കലോ ചെയ്യലാണത്. അതിൽപിന്നെ വാദി റൊക്കമായോ കടമായോ ഒരു സംഖ്യക്ക് തന്റെ വാദത്തിൽ സ്വുൽഹുണ്ടാക്കുക. ഈ അവസ്ഥയിൽ സ്വുൽഹ് സാധുവാകും; വാദം നിരർഥകമാണെന്ന് പ്രതി വിശ്വസിക്കുകയും തന്നെക്കുറിച്ചുള്ള പ്രശ്നം ഒഴിവാക്കുവാനും തന്റെ ശപഥത്തിന് പ്രായച്ഛിത്തമായും അയാൾ പണം നൽകുകയും വാദം ശരിയാണെന്ന് വാദി വിശ്വസിക്കു കയും സ്ഥിരപ്പെട്ട, തന്റെ അവകാശത്തിനു പകരമായാണ് അയാൾ പണം സ്വീകരിക്കുകയും ചെയ്യുന്നതെങ്കിൽ.

മൂന്ന്) സ്വുൽഹുമായി ബന്ധപ്പെട്ട മതവിധികൾ:

1.രണ്ടാളുകൾക്ക് അന്യോന്യമുള്ളതായാലും രണ്ടിൽ ഒരാൾക്കുള്ളതായാലും മജ് ഹൂലായ(അറിയപ്പെടാത്ത) അവകാശത്തിൽ സ്വുൽഹ് സാധുവാകും. കടമായാലും ഒരു വസ്തുവായാലും അതിനെ കുറിച്ച് അറിയൽ തടസ്സമാകുമ്പോഴാണത്. രണ്ടു വ്യക്തികൾക്കിടയിൽ ഇടപാടും കണക്കുമുണ്ടാവുകയും നാളുകൾ കഴിഞ്ഞുപോവുകയും രണ്ടിൽ ഒരാൾക്കും അപരന് എത്രയാണ് തന്റേമേൽ ബാധ്യതയായത് എന്നതിൽ യാതൊരു അറിവുമില്ലാതിരിക്കുകയും ചെയ്യുന്നതുപോലെ.

2.പകരം സ്വീകരിക്കൽ അനുവദനീയമായതിലെല്ലാം സ്വുൽഹ് സാധുവാകുന്നു. ക്വിസ്വാസ്വിനു (പ്രതിക്രിയ) പകരം ഇസ്‌ലാം നിശ്ചയിച്ച നഷ്ടപരിഹാരമോ അതിൽ കുറവോ കൂടുതലോ നൽകിയുള്ള സ്വുൽഹുപോലെ.

3.പകരം സ്വീകരിക്കൽ അനുവദനീയമല്ലാത്തതിൽ സ്വുൽഹ് അസാധുവാകുന്നു; ഹുദൂദിൽ (ശിക്ഷാവിധികളിൽ) സ്വുൽഹുണ്ടാക്കുന്നതുപോലെ. അതിൽ സ്വുൽഹ് സാധുവല്ല. കാരണം തെറ്റിൽ നിന്നു വിലക്കുവാനും വിരട്ടുവാനുമാണത് മതപരമാക്കിയത്.

*(അവലംബം: ഒരു സംഘം പണ്ഡിതന്മാർ രചിച്ച 'അൽഫിക്വ്ഹുൽ മുയസ്സർ ഫീ ദൗഇൽ കിതാബി വസ്സുന്ന' എന്ന ഗ്രന്ഥം).*

## ഉസ്മാൻ പാലക്കാഴി

9656 292 244

ن أبي هريرة رضي الله عنه قال : قال رسول الله صلى الله عليه وسلم : مَنْ كَانَ يُؤْمِنُ بِاللَّهِ وَالْيَوْمِ الْآخِرِ فَلْيُكْرِمْ ضَيْفَهُ ، وَمَنْ كَانَ يُؤْمِنُ بِاللَّهِ وَالْيَوْمِ الْآخِرِ فَلْيَصِلْ رَحِمَهُ

അബൂഹുറയ്‌റ(റ)യിൽ നിന്ന്. അദ്ദേഹം പറഞ്ഞു: നബി(സ്വ) പറഞ്ഞു: "ആരെങ്കിലും അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നപക്ഷം അവൻ തന്റെ അതിഥിയെ ആദരിച്ചുകൊള്ളട്ടെ. ആരെങ്കിലും അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നു എങ്കിൽ അവൻ കുടുംബ ബന്ധം ചേർത്തിക്കൊള്ളട്ടെ" (ബുഖാരി 6138).

അതിഥികളെ മാനിക്കുകയും കുടുംബബന്ധം ചേർക്കുകയും ചെയ്യുന്നതിന്റെ മഹത്ത്വമാണ് ഈ നബിവചനം മനസ്സിലാക്കിത്തരുന്നത്. കുടുംബബന്ധങ്ങൾക്ക് യാതൊരു വിലയും കൽപിക്കാത്ത, അതിന്റെയൊന്നും ആവശ്യമില്ല എന്നു ചിന്തിക്കുന്ന ഒരു വിഭാഗം വളർന്നുവരുന്ന വർത്തമാന കാലത്ത് ഈ വിഷയത്തിൽ ഇസ്‌ലാം നൽകുന്ന വെളിച്ചത്തിന്റെ പ്രസക്തി വർധിക്കുകയാണ്.

ഇതുമായി ബന്ധപ്പെട്ട് വിശുദ്ധ ക്വുർആനിലും സുന്നത്തിലുമായി ധാരാളം തെളിവുകൾ കാണാവുന്നതാണ്. അതിലൊന്നാണ് മുകളിൽ ഉദ്ധരിച്ച പ്രവാചക വചനം.



# കുടുംബബന്ധം ചേർക്കുന്നതിന്റെ ശ്രേഷ്ഠതകൾ

മറ്റൊരു തിരുമൊഴി കാണുക: അനസ്ബ്നു മാലികി(റ)ൽനിന്ന് നിവേദനം: നബി(സ്വ) പറഞ്ഞു: "ആർക്കെങ്കിലും തന്റെ ഉപജീവനത്തിൽ വിശാലത ഉണ്ടാകണമെന്നും തന്റെ ആയുസ്സ് ദീർഘിപ്പിക്കപ്പെടമെന്നും താൽപര്യമുണ്ടെങ്കിൽ അവൻ കുടുംബ ബന്ധം ചേർത്തുകൊള്ളട്ടെ" (ബുഖാരി).

പ്രസ്തുത ഹദീസിൽ പറഞ്ഞ ആയുസ്സിന്റെ വർധനവ്, ഉപജീവനത്തിന്റെ വിശാലത എന്നിവയുടെ ആശയത്തെക്കുറിച്ച് പണ്ഡിതന്മാർ പറഞ്ഞത് താഴെ പറയും പ്രകാരമാകുന്നു:

1. വർധനവ് കൊണ്ടുള്ള ഉദ്ദേശമെന്തെന്നാൽ; കുടുംബ ബന്ധം ചേർക്കുന്നവന്റെ ആയുസ്സിൽ അല്ലാഹു അനുഗ്രഹം ചൊരിയുകുയും അവന് ശാരീരികവും മാനസികവുമായ ശക്തിയും തീരുമാനങ്ങൾ നടപ്പിൽ വരുത്താനുള്ള ഇച്ഛാശക്തിയും നൽകി അവന്റെ ജീവിതം സുഖസുന്ദരമാക്കിത്തീർക്കുകയും ചെയ്യും.

2. വർധനവ് അതിന്റെ യഥാർഥ അർഥത്തിൽ തന്നെ: അപ്പോൾ കുടുംബ ബന്ധം ചേർക്കുന്നവന് അവന്റെ ആയുസ്സ് അല്ലാഹു വർധിപ്പിക്കുകയും അവന്റെ ഉപജീവനത്തിൽ സുഭിക്ഷത നൽകുകയും ചെയ്യുമെന്ന് സാരം. അതിൽ യാതൊരു സംശയവുമില്ല. "ആരോഗ്യവും ശുദ്ധവായുവും നല്ല ഭക്ഷണവും മാനസിക സന്തോഷവും ആയുർദൈർഘ്യത്തിന്റെ കാരണമാണ്. അതുപോലെത്തന്നെ കുടുംബബന്ധം ചേർക്കലിനെ ആയുർദൈർഘ്യത്തിന്റെ ദൈവികമായ ഒരു കാരണമായി നിശ്ചയിച്ചിരിക്കുകയാണ്. അഥവാ ഇഹലോകത്ത് ഇഷ്ടപ്പെട്ടത് കൈവരിക്കാനുള്ള കാരണങ്ങൾ രണ്ടാകുന്നു: ഒന്ന്. പഞ്ചേന്ദ്രിയങ്ങളുടെ പരിധിയിൽ പെട്ടതും ബുദ്ധിക്ക് മനസ്സിലാകുന്നതുമായവ. രണ്ട്. ദൈവികമായവ. ലോകത്ത് നടക്കുന്ന സർവ കാര്യങ്ങളുടെയും കാരണങ്ങളുടെയും ഉടമസ്ഥനും തന്റെ ഇഛ പോലെ എല്ലാം നടത്തുന്നവനുമായ എല്ലാറ്റിനും കഴിവുള്ള ദൈവം കണക്കാക്കിയ കാര്യങ്ങൾ" (ബഹ്ജതു ക്വുലൂബിൽ അബ്റാർ- ഇബ്നു സഅദി, പേജ് 74, 75).

കുടുംബബന്ധം ചേർക്കൽ സ്വർഗപ്രവേശന കാരണങ്ങളിൽ സുപ്രധാനമായ ഒന്നാണ്. അബൂഅയ്യൂബുൽ അൻസ്വാരി (റ)യിൽനിന്ന് നിവേദനം. ഒരാൾ പറഞ്ഞു: "പ്രവാചകരേ! സ്വർഗത്തിലേക്കെന്നെ അടുപ്പിക്കുന്നതും നരകത്തിൽനിന്നെന്നെ അകറ്റുന്നതുമായ ഒരു പ്രവർത്തനത്തെ കുറിച്ചു പറഞ്ഞുതരിക." പ്രവാചകൻ(സ്വ) പറഞ്ഞു: "നീ അല്ലാഹുവിനെ ആരാധിക്കുക. അവനിൽ യാതൊന്നും പങ്കുചേർക്കാതിരിക്കുക. നമസ്കാരം നിലനിർത്തുകയും സകാത്തു കൊടുക്കുകയും കുടുംബബന്ധം ചേർക്കുകയും ചെയ്യുക" (ബുഖാരി, മുസ്‌ലിം).

ശാനിദ ബിൻത് അഹ്മദ്,
ഈങ്ങാപ്പുഴ

# അജ്മലിന്റെ നോമ്പ്

പ്രായത്തിനെക്കാൾ പക്വത കാണിക്കുന്ന മിടുക്കനായ കുട്ടിയാണ് അജ്മൽ. മദ്റസയിൽനിന്ന് പഠിക്കുന്ന കാര്യങ്ങൾ ജീവിതത്തിൽ പകർത്താൻ അവന് വളരെ ഉത്സാഹമാണ്. ഉപ്പയുടെ കൂടെ പള്ളിയിൽ പോയി നമസ്കരിക്കാനും ഉമ്മയുടെ കൂടെ ഖുർആൻ പാരായണം ചെയ്യാനുമുള്ള അവസരം അവൻ നഷ്ടപ്പെടുത്താറില്ല.

ഈ വർഷത്തെ വേനലവധിയും റമദാനും ഒന്നിച്ചാണ്. അജ്മലിന് ഏറെ സന്തോഷമായി. സ്കൂൾ ഇല്ലാത്തതുകൊണ്ട് കുടുംബത്തിന്റെ കൂടെ എല്ലാ നോമ്പും നോൽക്കണമെന്ന് അവൻ തീരുമാനിച്ചു.

റമദാൻ മാസപ്പിറവി ദൃശ്യമായത് അറിഞ്ഞതോടെ പള്ളിയിൽ തറാവീഹ് നമസ്കാരം ഉണ്ട് എന്ന സന്തോഷത്തിലാണ് അജ്മൽ. തറാവീഹ് ഇമാമിനോടൊപ്പം നമസ്കരിക്കുന്നവർക്ക് രാത്രി മുഴുവൻ നിന്ന് നമസ്കരിച്ചതിന്റെ കൂലിയുണ്ട് എന്ന് ഉസ്താദ് പറഞ്ഞത് അവൻ ഓർത്തു.

നമസ്കാരം കഴിഞ്ഞ് തിരിച്ചു വീട്ടിൽ എത്തി. അത്താഴത്തിലെ ബർകത്തിനെ കുറിച്ചായിരുന്നു തറാവീഹിന് ഇടയിലുള്ള ക്ലാസിൽ ഇമാം പറഞ്ഞത്. അദ്ദേഹത്തിന്റെ ഹൃദ്യമായ അവതരണം അജ്മലിന് ഏറെ ഇഷ്ടപ്പെട്ടു. ആ ബർക്കത്ത് തനിക്കും വാങ്ങണം എന്ന മോഹം അജ്മലിന്റെ മനസ്സിൽ വിരിഞ്ഞു. അത്താഴത്തിന് വിളിക്കണം എന്ന് ചട്ടം കെട്ടിയാണ് അജ്മൽ ഉറങ്ങാൻ പോയത്.

പുലർച്ചെ അത്താഴത്തിനായി ഉമ്മ വിളിച്ചപ്പോൾ വളരെ ആവേശത്തോടെ അജ്മൽ ചാടി എഴുന്നേറ്റു. അത്താഴം കഴിഞ്ഞ് ബാങ്കിന്റെ മുമ്പേ 50 ആയത്ത് ഓതാനുള്ള സമയം വേണമെന്ന് ഉസ്താദ് പറഞ്ഞത് അജ്മലിന് ഓർമ വന്നു. അതിനെക്കുറിച്ച് ഉമ്മയോട് പറഞ്ഞു. ബാങ്ക് കൊടുക്കുന്നതുവരെ ഖുർആൻ പാരായണത്തിലും പ്രാർഥനയിലും അവർ മുഴുകി.

ബാങ്കിന് ശേഷം ഉപ്പയോടൊപ്പം അവൻ പള്ളിയിലേക്ക് പോയി. സുബ്ഹി നമസ്കാരവും ശേഷമുള്ള പ്രാർഥനയും ദിക്റുമൊക്കെ കഴിഞ്ഞ് അവർ വീട്ടിൽ തിരിച്ചെത്തി. സ്കൂൾ ഇല്ലാത്തതിനാൽ അൽപസമയം ഉറങ്ങാനായി കിടന്നു. ഉറങ്ങിയെഴുന്നേറ്റപ്പോൾ അവന് വല്ലാത്ത ക്ഷീണം അനുഭവപ്പെട്ടു. അൽപം വെള്ളം കുടിക്കാതെ നിൽക്കാൻ വയ്യ എന്ന് ഉമ്മയോട് പറഞ്ഞു.

'വെള്ളം കുടിച്ചാൽ നോമ്പ് നഷ്ടപ്പെട്ടു പോകുമെന്ന് മോന് അറിയില്ലേ, മോൻ നോമ്പ് നോറ്റതല്ലേ, അല്ലാഹുവിന്റെ മഹത്തായ പ്രതിഫലം ലഭിക്കേണ്ടേ' എന്ന് വളരെ സ്നേഹത്തോടെ, അജ്മലിന്റെ തലയിൽ തലോടിക്കൊണ്ട് ഉമ്മ ചോദിച്ചു. 'ദാഹവും ക്ഷീണവും കൊണ്ട് പറഞ്ഞു പോയതാണ് ഉമ്മാ.' അജ്മലിന്റെ ഈ മറുപടി കേട്ടു കൊണ്ടാണ് വല്ലിമ്മ അങ്ങോട്ട് വന്നത്.

'മോനേ, അല്ലാഹുവിന്റെ കൽപനകൾ അനുസരിക്കാൻ കൂടുതൽ പ്രയാസം അനുഭവിക്കുന്നവർക്കാണ് കൂടുതൽ പ്രതിഫലം ലഭിക്കുക. ക്ഷീണം അകറ്റാനായി പകലിൽ അൽപം ഉറങ്ങുന്നതും തണുപ്പുള്ള സ്ഥലങ്ങളിൽ ഇരിക്കുന്നതും കുളിക്കുന്നതുമൊന്നും നോമ്പിനെ ബാധിക്കുകയില്ല.' വല്ലിമ്മയുടെ വാക്കുകൾ കേട്ടപ്പോൾ അജ്മലിന് ഏറെ ആശ്വാസം തോന്നി. 'എന്നാൽ ഞാൻ പോയി ഒന്ന് കുളിച്ചിട്ട് വരാം' എന്നു പറഞ്ഞ് അവൻ കുളിക്കാൻ പോയി.

കുളി കഴിഞ്ഞപ്പോൾ അവന് നല്ല ഉന്മേഷം തോന്നി. പിന്നീട് അവൻ നേരെ പോയത് സിറ്റൗട്ടിലിരുന്ന് ഫോണിൽ പ്രസംഗം കേട്ടുകൊണ്ടിരിക്കുന്ന ഉപ്പയുടെ അടുത്തേക്കാണ്. അവിടെ എത്തിയപ്പോൾ അവൻ കേട്ടത് 'റമദാൻ പാപമോചനത്തിന്റെയും ക്ഷമയുടെയും കാരുണ്യത്തിന്റെയും മാസമാണ്. റയ്യാൻ എന്ന പ്രത്യേക കവാടത്തിലൂടെയാണ് നോമ്പുകാർ സ്വർഗത്തിൽ പ്രവേശിക്കുക' എന്ന വാക്കുകളാണ്.

ഇൻശാ അല്ലാഹ്, ഈ റമദാനിലെ ഒരു നോമ്പും ഒഴിവാക്കില്ലെന്ന് അവൻ ഉറപ്പിച്ചു. ഉപ്പ അവനെ അടുത്തിരുത്തി നെറുകയിൽ തലോടി. ■



അൻവർ കണ്ണീരി അമ്മിനിക്കാട്
: 9961981916

# ക്യാമ്പസുകൾ കീഴടക്കുന്ന സാഡിസ്റ്റുകൾ

കോട്ടയം സർക്കാർ നഴ്സിംഗ് കോളേജിലെ അതിക്രൂര റാഗിങ്ങിനെ സംബന്ധിച്ച് കേൾക്കുന്ന ചില സംസാര ശകലങ്ങൾ ഇങ്ങനെയാണ്:

'ഇവർ നഴ്സുമാരായാൽ എന്തായിരിക്കും അവസ്ഥ?'

'മാലാഖമാർ എന്ന് വിളിക്കപ്പെടുന്ന ഇവർക്കൊക്കെ എങ്ങനെ ഇങ്ങനെ...?'

'എങ്ങനെ വിശ്വസിച്ച് ഈ നഴ്സുമാരുടെ അടുത്തൊക്കെ പോകും?'

'മാലാഖമാർ എന്ന് വിളിക്കപ്പെടുന്നവർ ഇന്ന് സാഡിസ്റ്റ്, ഡ്രാക്കുള തുടങ്ങിയ പേരിലാണ് വിളിക്കപ്പെടേണ്ടത്.'

നിങ്ങളാരും ഒരു സംഭവത്തിന്റെ അടിസ്ഥാനത്തിൽ നഴ്സിംഗ് വിഭാഗത്തെ ഒന്നടങ്കം അധിക്ഷേപിക്കുകയോ ക്രൂരന്മാർ എന്ന് വിശേഷിപ്പിക്കുകയോ ചെയ്യുമായിരിക്കില്ല. പക്ഷേ, ചർച്ചകൾക്കിടയിലെല്ലാം മാലാഖമാർ എന്ന് വിളിക്കപ്പെടുന്ന ഒരു വിഭാഗത്തിൽ നിന്നെങ്ങനെ ഇത്തരക്കാർ രൂപം കൊള്ളുന്നു എന്ന ചോദ്യം ഉയരുന്നുണ്ട്. അതിനുള്ള ഉത്തരമാണ് കണ്ടെത്തേണ്ടത്.

വേദനകൾക്കും ജീവിതത്തിൽ അനുഭവിച്ച ട്രോമകൾക്കും ഒരു മനു

ഷ്യനെ ഇത്തരം അവസ്ഥയിലേക്ക് നയിക്കാനാകുമോ? ഇല്ല എന്നുതന്നെയാണ് ഉത്തരം. എന്നാൽ ഇങ്ങനെയൊക്കെ ചെയ്യുന്നവർ ലഹരിയുടെ ആസക്തിയിലമർന്ന, ഉന്മാദത്തിൽ ജീവിക്കുന്ന സാഡിസ്റ്റുകളാണ്. സഹപാഠിയുടെ ശരീരത്തിലാഴ്ന്നിറങ്ങുന്ന കോമ്പസിന്റെ സൂചി നോക്കി അട്ടഹസിച്ച് ചിരിക്കുന്നവരെ മനുഷ്യരൂപമുള്ള മൃഗങ്ങളെന്നല്ലാതെ എന്താണ് വിശേഷിപ്പിക്കുക?

വേദനയറിയിക്കാതെ, വളരെ മൃദുവായി ഇഞ്ചക്ഷനെടുക്കുന്ന ആയിരക്കണക്കിന് നഴ്സുമാരുണ്ട് നമ്മുടെ നാട്ടിൽ. ദൈനംദിനം അവരോട് ഇടപഴകുന്ന ഒരു വ്യക്തി എന്ന നിലയ്ക്ക് ഒരു മനുഷ്യന്റെ ജീവൻ സംരക്ഷിക്കാനും ശരീരത്തെ അസുഖത്തിൽ നിന്ന് മുക്തമാക്കാനുള്ള അവരുടെ അക്ഷീണ പ്രയത്നം കണ്ടറിയുന്ന വ്യക്തിയാണ് ഈയുള്ളവൻ.

അവർക്ക് നേരത്തിന് ഭക്ഷണമില്ല, വിശ്രമമില്ല. അവർക്ക് അവർ പരിചരിക്കുന്ന രോഗികൾ മുഖ്യമാണ്. അവരിൽ രോഗികളോട് സ്നേഹത്തോടെ പെരുമാറുന്നവരും കർക്കശമായി പെരുമാറുന്നവരുമുണ്ട്. എങ്കിലും സദാ രോഗികൾക്ക് പരിചരണ കവചം തീർക്കുന്നത് ഇവരാണ്.

ഈ റാഗിംഗ് അക്രമത്തിലും പ്രതികൾ ശിക്ഷിക്കപ്പെടാതിരുന്നാൽ നാളെകളിൽ ഒരുപാട് മക്കൾ ഇത്തരം സാഡിസ്റ്റുകളുടെ ഇരയായിരിക്കും. രാഷ്ട്രീയ നേതാക്കൾ പലരും വലിയ വായിൽ അക്രമത്തെ അപലപിക്കും. അതോടൊപ്പം പ്രതികൾക്ക് സംരക്ഷണ വാഗ്ദാനവും നൽകും. നഷ്ടപ്പെട്ടവർ അവരുടെ നഷ്ടവും പേറി ജീവിക്കുമ്പോൾ പ്രതികൾ അവരുടെ മുന്നിലൂടെ തലയുയർത്തി വിലസും. ചിലപ്പോഴൊക്കെ കൊന്നവർ തടവറയിൽ പോകും, കൊല്ലിച്ചവർ നിഷ്കളങ്കരായി അടുത്ത ഇരയെ തേടി നടക്കും. ജയിലിൽ കിടക്കുന്നതൊന്നും ഇവർക്ക് പ്രശ്നമല്ല. അവിടെയും പ്രത്യേക പരിഗണന നേടിയെടുക്കാൻ ഇവർക്ക് കഴിയും.

മദ്യവും മയക്കുമരുന്നുകളും ഹോസ്റ്റലുകളിൽ സുലഭമാകുമ്പോൾ റാഗിംഗ് പോലുള്ള അക്രമങ്ങൾ സർവ സീമകളും ലംഘിച്ചില്ലെങ്കിലേ അത്ഭുതമുള്ളൂ. പേന പിടിക്കേണ്ട കൈകളിൽ പേനക്കത്തിയും ലഹരി വസ്തുക്കളും കാണപ്പെടുന്നത് വല്ലാത്തൊരു ദുരന്തമാണ്. കണിശമായ, വിട്ടുവീഴ്ചയില്ലാത്ത നിയമങ്ങളും ശിക്ഷകളും മാത്രമാണ് ഇത്തരം കാടത്തങ്ങളെ തുടച്ചു നീക്കാനുള്ള മാർഗം. തീർച്ചയായും ശിക്ഷിക്കപ്പെടുമെന്ന ബോധ്യം അക്രമങ്ങളെ ഒരു പരിധിവരെ തടയുമെന്നതിൽ സംശയമില്ല. ■




ശമീർ മദീനി
: 9048 221 212

# ഇണയുടെ തൃപ്തി

ദാമ്പത്യജീവിതം സന്തോഷകരമാകാൻ ഇണകൾ പരസ്പരം അറിയേണ്ട ഒന്നാണ് തന്റെ ഇണ എന്തൊക്കെയാണ് ഇഷ്ടപ്പെടുന്നത് എന്നും ഇഷ്ടപ്പെടാത്തത് എന്നും. അത് തിരിച്ചറിഞ്ഞാൽ അവരുടെ സ്നേഹവും തൃപ്തിയും കരസ്ഥമാക്കുവാൻ എളുപ്പമാണ്. അതോടെ മനസ്സിന് വല്ലാത്തൊരു സംതൃപ്തി കൈവരും. അത് കുടുംബത്തിനാകെയും വെളിച്ചം പകരും. അല്ലാഹുവിന്റെ അനുഗ്രഹത്താൽ സന്തോഷവും സമാധാനവും നിറഞ്ഞ ഒരു കുടുംബാന്തരീക്ഷം സൃഷ്ടിക്കാൻ നമുക്ക് സാധിക്കും.

നബി(സ്വ) പറഞ്ഞു: "ഒരു സ്ത്രീ അവൾക്ക് നിർബന്ധമായ അഞ്ചുനേരത്തെ നമസ്കാരം നിർവഹിക്കുകയും നിർബന്ധമായ നോമ്പ് അനുഷ്ഠിക്കുകയും തന്റെ ലൈംഗിക വിശുദ്ധി കാത്തുസൂക്ഷിക്കുകയും ഭർത്താവിനെ അനുസരിക്കുകയും ചെയ്താൽ സ്വർഗത്തിലെ ഏത് കവാടത്തിലൂടെ വേണമെങ്കിലും പ്രവേശിച്ചു



നബി(സ്വ) പറഞ്ഞു: "ഒരു സ്ത്രീ അവൾക്ക് നിർബന്ധമായ അഞ്ചു നേരത്തെ നമസ്കാരം നിർവഹിക്കുകയും നിർബന്ധമായ നോമ്പ് അനുഷ്ഠിക്കുകയും തന്റെ ലൈംഗിക വിശുദ്ധി കാത്തുസൂക്ഷിക്കുകയും ഭർത്താവിനെ അനുസരിക്കുകയും ചെയ്താൽ സ്വർഗത്തിലെ ഏത് കവാടത്തിലൂടെ വേണമെങ്കിലും പ്രവേശിച്ചുകൊള്ളാൻ അവളോട് പറയപ്പെടുന്നതാണ്" (അഹ്മദ്).

കൊള്ളാൻ അവളോട് പറയപ്പെടുന്നതാണ്'' (അഹ്മദ്).

തന്റെ ഭർത്താവിന്റെ സ്നേഹവും തൃപ്തിയും നേടിയെടുക്കുക എന്നത് ഒരു വിശ്വാസിനിയായ ഭാര്യയുടെ മതപരമായ കടമ കൂടിയാണ്. എന്നാൽ അത് ഒരിക്കലും അല്ലാഹു വിലക്കിയ തിന്മകൾ ചെയ്യുന്നതിലൂടെ ആയിക്കൂടാ. പ്രത്യുത, അല്ലാഹു വിലക്കാത്ത കാര്യങ്ങളും മറ്റു നന്മകളുമൊക്കെ ചെയ്തുകൊണ്ടും അതിന് പരസ്പരം സഹകരിച്ചുകൊണ്ടുമായിരിക്കണം. അങ്ങനെ പരസ്പരം ആദരിച്ചും അംഗീകരിച്ചും സ്നേഹിച്ചും വർത്തിക്കുന്ന ദാമ്പത്യത്തിന്റെ സുഖവും സൗന്ദര്യവും അവർണനീയമാണ്. ഒരാൾ മറ്റൊരാളെ കീഴ്പെടുത്തി അടിമയെപ്പോലെ അടക്കി ഭരിക്കുന്ന രീതിയല്ല അവിടെയുണ്ടാവുക. ഈ പാരസ്പര്യത്തിലാണ് ആ വീട്ടിൽ സന്തോഷവും സമാധാനവും കളിയാടുകയും അവിടെ വളരുന്ന മക്കളുടെ മാനസികവും ശാരീരികവുമായ വളർച്ച നല്ല രൂപത്തിലാവുകയും ചെയ്യുക. കേവലം മതപരമായി കൽപനകളുള്ള കാര്യങ്ങളിൽ മാത്രമല്ല ഭാര്യ ഭർത്താവിനെ അനുസരിക്കേണ്ടത്; അത് ഭർത്താവ് കൽപിച്ചില്ലെങ്കിലും ചെയ്യേണ്ടത് അവളുടെ ബാധ്യതയാണ്. എന്നാൽ ഭർത്താവ് ഇഷ്ടപ്പെടുന്നതും ആവശ്യപ്പെടുന്നതുമായ മറ്റു കാര്യങ്ങൾ, അഥവാ മതം വിലക്കിയിട്ടില്ലാത്ത സംഗതികൾ ഭർത്താവിനെ അനുസരിച്ചുകൊണ്ട് ചെയ്തുകൊടുക്കാൻ ഭാര്യ കടപ്പെട്ടവളാണ് എന്ന് സാരം.

നബി(സ്വ) പറഞ്ഞു: "തന്റെ ഭർത്താവ് തന്നെക്കുറിച്ച് തൃപ്തിയുള്ളവനായിരിക്കെ ഏതൊരു സ്ത്രീ മരണപ്പെടുന്നുവോ, അവൾ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്'' (തിർമുദി).

അപ്രകാരം തന്നെ ഭർത്താവ് ഭാര്യയുടെയും ഇഷ്ടങ്ങളും താൽപര്യങ്ങളും പരിഗണിക്കേണ്ടതുണ്ട്. തന്റെ ഏറ്റവും പ്രിയപ്പെട്ടവളായി അവളെ പരിഗണിക്കുകയും ആദരിക്കുകയും ചെയ്യണം. പ്രവാചക തിരുമേനിയുടെ ദാമ്പത്യജീവിതത്തിൽ ഈ മാതൃകയാണ് നമുക്ക് കാണാൻ സാധിക്കുക.

രണ്ടുപേരും പരസ്പരം ആലോചിച്ചും സംസാരിച്ചും ആഗ്രഹങ്ങളും ആവശ്യങ്ങളും പങ്കുവെച്ചും ഒരുമിച്ചെടുക്കുന്ന തീരുമാനങ്ങൾ കുടുംബ ജീവിതത്തിൽ കുറച്ചൊന്നുമല്ല സന്തോഷവും സംതൃപ്തിയും ഇണക്കവും അടുപ്പവും സമ്മാനിക്കുന്നത്.

ഇത്തരത്തിലുള്ള ഇസ്‌ലാമിക പാഠങ്ങൾ പഠിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുന്നതിന് പകരം ഫെമിനിസം, ലിബറലിസം പോലുള്ള പുരോഗമന ലേബലൊട്ടിച്ച ചതിക്കുഴികളിൽ പെട്ട് കുടുംബ സംവിധാനത്തോട് വെറുപ്പ് വെച്ചുപുലർത്തുന്നത് അപകടമാണ്. കുടുംബത്തിന്റെ അടിത്തറയിളക്കുന്നതും ഭദ്രത തകർക്കുന്നതുമായ അത്തരം സ്ഥിതിവിശേഷങ്ങളാണ് പലപ്പോഴും പല കുടുംബകങ്ങളിലും നാമിന്ന് കാണുന്നത്. അതുവഴി ഇഹപര ജീവിതത്തിലെ വിജയവും സന്തോഷവുമാണ് സ്വയം നഷ്ടപ്പെടുത്തുന്നത് എന്ന കാര്യം മറക്കാതിരിക്കുക. അല്ലാഹു അനുഗ്രഹിക്കട്ടെ!

റോഷൻ പുനലൂർ
: 8590613225



# ലിബറലിസം: ധാർമികതയുടെ ശവപ്പറമ്പ്

> ലിബറലുകളുടെ ഓരോ വാക്കും പ്രവൃത്തിയും അവരുടെ 'സ്വയം തൃപ്തിപ്പെടുത്തുന്ന ആഗ്രഹത്തെയും സ്വയം തിരഞ്ഞെടുക്കുന്ന ആനന്ദത്തെയും' അടിസ്ഥാനമാക്കിയുള്ളതാണ്, അത് മാനസിക ദാരിദ്ര്യത്തിനും അനാരോഗ്യകരമായ യുക്തിബോധത്തിനും മാത്രമെ കാരണമാകൂ. അതുകൊണ്ടുതന്നെ ഇസ്‌ലാം ഇത്തരം തലതിരിഞ്ഞ ആശയങ്ങൾക്കെതിരാണ്.

ലിബറലിസം സമൂഹത്തിൽ ഒരു മതമായി വളർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് നാം നിലകൊള്ളുന്നത്. അധാർമികമായ ആനന്ദത്തെ അടിസ്ഥാനമാക്കിയാണ് ലിബറലുകൾ അവരുടെ വാദഗതികൾ രൂപപ്പെടുത്തുന്നത്. അധാർമികതയും നിർലജ്ജമായതും മനോരോഗവുമായ 'പോണോഗ്രാഫി ഇൻഡസ്ട്രീസ്' നിയമാനുസൃതമാണെന്നാണ് ലിബറലുകൾ വാദിക്കുന്നത്. ഇത്തരം വൃത്തികെട്ട വ്യവസായങ്ങളിൽ ഭൂരിഭാഗവും 'പടിഞ്ഞാറൻ, യൂറോപ്യൻ, സ്കാൻഡിനേവിയൻ ലിബറൽ രാജ്യങ്ങളുടെ' മടിത്തട്ടിൽ വിശ്രമം കൊള്ളുന്നതായി റിപ്പോർട്ടുകൾ കാണാൻ കഴിയും.

'വ്യക്തിവാദം,' 'ഫെമിനിസം,' 'LGBTQIA+,' 'ലിംഗഭേദം' തുടങ്ങിയ ലിബറൽ ആശയങ്ങളുടെ വക്താക്കളും, അത് പ്രചരിപ്പിക്കുന്ന പുസ്തകങ്ങളുടെ രചയിതാക്കളും അക്രമികളാണ്. സ്ത്രീ പോണോഗ്രാഫി വ്യവസായം, ശരീരം മുഴുവൻ വെളിവാക്കുന്ന വസ്ത്രങ്ങൾ ധരിക്കുക എന്ന ആശയം; ജിം, നീന്തൽക്കുളം, സ്കൂളുകൾ, കോളേജുകൾ, സർവകലാശാലകൾ തുടങ്ങിയവയിലെ ടോയ്ലെറ്റുകൾ, മറ്റു പൊതു ഇടങ്ങൾ തുടങ്ങിയവയിലെല്ലാം പുരുഷന്മാർക്കും സ്ത്രീകൾക്കും ഒരേപോലെ പ്രവേശനം എന്നിവയെല്ലാം പാശ്ചാത്യലോകമെമ്പാടും ലിബറലിസം എന്ന യുക്തിരഹിതമായ ആശയം നയിക്കുന്നവർ ലക്ഷ്യമിടുന്ന 'സ്ത്രീ ഒബ്ജക്റ്റിഫിക്കേഷൻ' എന്നതിന്റെ ഭാഗമാണെന്ന് സംശയലേശമന്യേ നമുക്ക് പറയാം.

"ലൈംഗിക ആക്രമണത്തിന് ഇരയായവരെ ആളുകൾ എങ്ങനെ കാണുന്നു എന്നതിൽ ഒബ്ജക്റ്റിഫിക്കേഷന് പ്രധാനപ്പെട്ട പ്രത്യാഘാതങ്ങളുണ്ടെന്ന് ഞങ്ങൾ നിഗമനം ചെയ്യുന്നു. ലൈംഗിക ഒബ്ജക്റ്റിഫിക്കേഷൻ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്ന് ഞങ്ങളുടെ കണ്ടെത്തലുകൾ വെളിപ്പെടുത്തുന്നു" എന്ന് സേജ് ജേണൽ ഉദ്ധരിക്കുന്നു.

ഒബ്ജക്റ്റിഫിക്കേഷൻ സിദ്ധാന്തത്തിന്റെ (1997) വക്താക്കളായ ഫ്രെഡ്രിക്സണും റോബർട്ട്സും പറയുന്നതനുസരിച്ച്, 'ഒരു സ്ത്രീയുടെ ശരീരം, ശരീരഭാഗങ്ങൾ, അല്ലെങ്കിൽ ലൈംഗിക പ്രവർത്തനങ്ങൾ എന്നിവ അവളുടെ മുഴുവൻ സത്തയിൽനിന്നും വേർപെടുത്തി; നോക്കാനോ മോഹിക്കാനോ സ്പർശിക്കാനോ ഉള്ള വസ്തുക്കളായി കണക്കാക്കുമ്പോഴാണ് ലൈംഗിക വസ്തുനിഷ്ഠീകരണം സംഭവിക്കുന്നത്.'

പുരുഷന്മാർ എപ്പോഴും സ്ത്രീകളെ വസ്തുനിഷ്ഠമായി കാണുന്നു എന്ന ഫെമിനിസ്റ്റുകളുടെ വാദം പൂർണമായും ശരിയല്ല. ഒരു പരിധിവരെ, ലിബറലിസത്തിന്റെ അമിതമായ ലോബിയിംഗ് തന്ത്രങ്ങളിലൂടെ പ്രോത്സാഹിപ്പിക്കപ്പെടുന്ന സ്വയം ആനന്ദത്തിൽനിന്നും സ്വയം സന്തോഷത്തിൽനിന്നും വരുന്ന അവരുടെ നാർസിസിസ്റ്റിക് ആഗ്രഹത്തെ തൃപ്തിപ്പെടുത്തുന്നതിനായി സ്വയം വസ്തുനിഷ്ഠമാക്കുന്ന പ്രവൃത്തിക്ക് സ്ത്രീകൾ ഉത്തരവാദികളാണ്.

ഫ്രഞ്ച് മുസ്ലിം സ്ത്രീകൾക്ക് ഹിജാബ് പൂർണമായും നിരോധിച്ചുകൊണ്ടുള്ള നിർദേശം നൽകിക്കൊണ്ട്, ഇന്ത്യയും അമേരിക്കയും പിന്തുടരുന്ന മതേതരത്വത്തിന് വ്യത്യസ്തമായ ഒരു രൂപത്തെ പ്രസിഡന്റ് ഇമ്മാനുവൽ മാക്രോൺ ശക്തമായി പിന്തുണക്കുന്നു. മാക്രോണിന്റെ പിന്തുണയുള്ള മതേതരത്വത്തിന്റെ ഒരു രൂപമായ 'ലെയ്സൈറ്റ്' ആണ് ഫ്രഞ്ച് മതേതരത്വത്തിന്റെ ഒരു രൂപം. പൊതുമണ്ഡലത്തിൽനിന്ന് മതമൂല്യങ്ങളെ പൂർണമായും നീക്കം ചെയ്ത്, ഫ്രഞ്ച് വിപ്ലവത്തിന്റെ (1789-1799) മാന്ത്രിക പദങ്ങളായ സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ സ്വന്തം മതേതര മൂല്യങ്ങൾ ഉപയോഗിച്ച് അവയെ മാറ്റിസ്ഥാപിക്കുന്നതിൽ അവർ ഉറച്ചു വിശ്വസിക്കുന്നു.

> ലിബറലിസത്തിന്റെ പരസ്പരവിരുദ്ധമായ കാപട്യം എങ്ങനെയെന്നതിന്റെ ഉത്തരമാണ് 'ഫ്രാൻസ് വളരെ പ്രശസ്തമായ ഒരു ലിബറൽ രാജ്യമാണ്' എന്നുള്ള പ്രസ്താവന. അത് വ്യക്തിവാദം, പ്രയോജനവാദം, സംസാര സ്വാതന്ത്ര്യം, മതസ്വാതന്ത്ര്യം, പൗരസ്വാതന്ത്ര്യം എന്നിവയിൽ വിശ്വസിക്കുന്നു.

അതേസമയം, മുസ്ലിം സ്ത്രീകളുടെ ഹിജാബ് നിരോധിക്കുന്ന ഒരു തിസീസിന്റെ പ്രത്യേക അടിസ്ഥാനത്തിലാണ് ലിബറലിസത്തിന്റെ പരസ്പരവിരുദ്ധമായ കാപട്യം ഉയർന്നുവരുന്നത്. ലിബറലിസത്തിന്റെ പരസ്പരവിരുദ്ധമായ കാപട്യം എങ്ങനെയെന്നതിന്റെ ഉത്തരമാണ് 'ഫ്രാൻസ് വളരെ പ്രശസ്തമായ ഒരു ലിബറൽ രാജ്യമാണ്' എന്നുള്ള പ്രസ്താവന. അത് വ്യക്തിവാദം, പ്രയോജനവാദം, സംസാര സ്വാതന്ത്ര്യം, മതസ്വാതന്ത്ര്യം, പൗരസ്വാതന്ത്ര്യം എന്നിവയിൽ വിശ്വസിക്കുന്നു.

മത സ്വാതന്ത്ര്യത്തിന്റെയും പൗര സ്വാതന്ത്ര്യത്തിന്റെയും

ഭാഗമാണ് ഹിജാബ് ധരിക്കൽ, അല്ലെങ്കിൽ മറ്റ് മതപരമോ മതപരമല്ലാത്തതോ ആയ വസ്ത്രങ്ങൾ ധരിക്കുന്നത്. അതായത് ഒരു സർക്കാരിന് പൗരത്വമുള്ളവനെയോ ഇല്ലാത്തവനെയോ എന്ത് ധരിക്കണമെന്നും എന്ത് ധരിക്കരുതെന്നും നിർബന്ധിക്കാൻ കഴിയില്ല. ഒരു ലിബറൽ രാഷ്ട്രമായ ഫ്രാൻസ് മതസ്വാതന്ത്ര്യത്തിനും പൗരസ്വാതന്ത്ര്യത്തിനും വിലങ്ങു നിന്നുകൂടാ. എന്നാൽ മാക്രോണിന്റെ 'ലെയ്സൈറ്റ് സെക്യുലറിസം' ഫ്രാൻസിൽ സമത്വം, പൗരസ്വാതന്ത്ര്യം, മതസ്വാതന്ത്ര്യം, സംസാര സ്വാതന്ത്ര്യം എന്നിവയ്ക്കുള്ള അവകാശത്തെ ഉന്മൂലനം ചെയ്യുന്നു എന്നതാണ് വസ്തുത.

പുരാതന ഗ്രീക്ക് ജനത അഥീന, സിയൂസ്, ഹെർക്കുലീസ് തുടങ്ങിയ വ്യത്യസ്ത വ്യാജ ദൈവങ്ങളെ യുക്തിബോധം, യുക്തി ന്യായീകരണം, ന്യായവാദം എന്നിവയെ ചോദ്യം ചെയ്യുകയോ സംശയിക്കുകയോ ചെയ്യാതെ അന്ധമായി വിശ്വസിക്കുകയും ആരാധിക്കുകയും ചെയ്തിരുന്നു. പുരാതന പാശ്ചാത്യർ ഈ 'ദൈവങ്ങളിൽ' അവയുടെ യുക്തിയെയും നിലനിൽപ്പിന്റെ യുക്തിയെയും ചോദ്യം ചെയ്യാതെ വിശ്വസിച്ചു, അതുപോലെ ആധുനിക പാശ്ചാത്യർ ലിബറലിസത്തിന്റെ യുക്തിരാഹിത്യത്തെ ചോദ്യം ചെയ്യാതെ അതിൽ വിശ്വസിക്കുന്നു. പുരാതന ഗ്രീക്കുകാരും ആധുനിക പാശ്ചാത്യരും തമ്മിൽ വ്യത്യാസമില്ല എന്നർഥം. ഇരുകൂട്ടരും 'അന്ധവിശ്വാസം,' 'യുക്തിരാഹിത്യം' എന്നിവ വികസിപ്പിച്ചെടുത്തിട്ടുണ്ട്,

ജോൺ ലോക്ക് തന്റെ 'ടു ട്രീറ്റീസസ് ഓഫ് ഗവൺമെന്റ്' എന്ന പുസ്തകത്തിൽ രണ്ട് തത്ത്വങ്ങൾ എടുത്തു പറയുന്നുണ്ട്.

ഒന്ന്) ദൈവശാസ്ത്ര തത്ത്വം: എല്ലാ മനുഷ്യർക്കും ദൈവം സ്വാതന്ത്ര്യവും സമത്വവും നൽകിയിട്ടുണ്ടെന്ന ആശയത്തെ ഇത് സൂചിപ്പിക്കുന്നു.

രണ്ട്) സുഖലോലുപതാ തത്ത്വം: ആത്യന്തിക ധാർമികത 'വേദനയും ആനന്ദവുമാണ്' എന്ന ആശയമാണ് ഇതിനുള്ളത്.

അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, മനുഷ്യർക്ക് ഏറ്റവും സുഖകരവും അഭികാമ്യവുമായി തോന്നുന്ന കാര്യമാണ് അവർക്ക് ആത്യന്തികമായി നല്ലത്.

പ്രശസ്ത തത്ത്വചിന്തകനായ ജെറമി ബെന്താമിന്റെ 'നിങ്ങൾക്ക് രണ്ടു ദൈവങ്ങളുണ്ട്; ആനന്ദത്തിന്റെ ദൈവവും വേദനയുടെ ദൈവവും' എന്ന വാക്കുകൾ ജോൺ ലോക്ക് തന്റെ പുസ്തകത്തിൽ ഉദ്ധരിക്കുന്നത് കാണാം.

ലിബറലുകളുടെ ഓരോ വാക്കും പ്രവൃത്തിയും അവരുടെ 'സ്വയം തൃപ്തിപ്പെടുത്തുന്ന ആഗ്രഹത്തെയും സ്വയം തിരഞ്ഞെടുക്കുന്ന ആനന്ദത്തെയും' അടിസ്ഥാനമാക്കിയുള്ളതാണ്, അത് മാനസിക ദാരിദ്ര്യത്തിനും അനാരോഗ്യകരമായ യുക്തിബോധത്തിനും മാത്രമെ കാരണമാകൂ. അതുകൊണ്ടുതന്നെ ഇസ്‌ലാം ഇത്തരം തലതിരിഞ്ഞ ആശയങ്ങൾക്കെതിരാണ്.

അല്ലാഹു പറയുന്നു: "എന്നാൽ തന്റെ ദൈവത്തെ തന്റെ തന്നിഷ്ടമാക്കിയവനെ നീ കണ്ടുവോ? അറിഞ്ഞുകൊണ്ട് തന്നെ അല്ലാഹു അവനെ പിഴവിലാക്കുകയും അവന്റെ കാതിനും ഹൃദയത്തിനും മുദ്രവെക്കുകയും അവന്റെ കണ്ണിനു മേൽ ഒരു മൂടി ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു. അപ്പോൾ അല്ലാഹുവിന് പുറമെ ആരാണ് അവനെ നേർവഴിയിലാക്കുവാനുള്ളത്? എന്നിരിക്കെ നിങ്ങൾ ആലോചിച്ചു മനസ്സിലാക്കുന്നില്ലേ?" (45:23).

ഈ സൂക്തത്തിന്റെ വ്യാഖ്യാനത്തിൽ ഇമാം ത്വബ്‌രി പറയുന്നു: "വ്യാഖ്യാന പണ്ഡിതന്മാർ ഈ വാക്യത്തിന്റെ വിശദീകരണത്തിൽ വ്യത്യസ്ത അഭിപ്രായമുള്ളവരാണ്. ഒരുകൂട്ടം പണ്ഡിതന്മാർ പറയുന്നു: 'തന്റെ ഇഷ്ടത്തെ ദൈവമായി സ്വീകരിക്കുന്നവനെ നീ കണ്ടിട്ടുണ്ടോ?' മറ്റു ചിലർ പറയുന്നത് 'സ്വന്തം ഇഷ്ടങ്ങളെ മാത്രം ആരാധിക്കാതെ, സ്വന്തം ആഗ്രഹങ്ങളെ അടിസ്ഥാനമാക്കി മതം ഉണ്ടാക്കുന്നവരെ നീ കണ്ടിട്ടുണ്ടോ' എന്നാണ്. കാരണം അവർ അല്ലാഹുവിൽ വിശ്വസിക്കുന്നില്ല, അവൻ നിഷിദ്ധമാക്കിയത് നിഷിദ്ധമാക്കുന്നില്ല, അവൻ അനുവദിച്ചത് അനുവദിക്കുന്നില്ല; മറിച്ച്, അവരുടെ മനസ്സുകൾ എന്തിലേക്ക് ചായുന്നുവോ അതാണ് അവരുടെ മതം."

അബ്ദുല്ലാഹ് ഇബ്നു അബ്ബാസ്(റ) 'സ്വന്തം ഇഷ്ടങ്ങളെ ദൈവമായി സ്വീകരിക്കുന്നവനെ നീ കണ്ടിട്ടുണ്ടോ?' എന്ന വാക്യത്തെക്കുറിച്ച് പറഞ്ഞു: "ആ അവിശ്വാസി അല്ലാഹുവിൽനിന്നുള്ള മാർഗനിർദേശവും തെളിവുമില്ലാതെ തന്റെ മതം സ്ഥാപിച്ചിരിക്കുന്നു." ചുരുക്കിപ്പറഞ്ഞാൽ, മിക്ക ലിബറൽ ആശയങ്ങളും ഇസ്‌ലാമിക തത്ത്വങ്ങൾക്കും മൂല്യങ്ങൾക്കും അടിസ്ഥാനപരമായി വിരുദ്ധമാണ്. ■

വി.വി. ബഷീർ വടകര
: 81569 12979

# ധാർമികത പരിഹാരമല്ലേ?

വർധിച്ചുവരുന്ന ലഹരി വ്യാപനം കേരളത്തെ ഒന്നാകെ ഞെട്ടിച്ചിരിക്കുകയാണ്. അരുംകൊലകളും ആത്മഹത്യകളും വർധിച്ചുവരുന്ന ഒരു സാമൂഹിക അന്തരീക്ഷത്തിലാണ് നാം ജീവിക്കുന്നത്. പരിഹാരമാർഗങ്ങളും നിർദേശങ്ങളും പൊതുജനങ്ങളിൽ നിന്ന് സ്വീകരിക്കുന്നു എന്ന തലക്കെട്ടോടെ വാർത്താമാധ്യമങ്ങൾ അഭിപ്രായങ്ങൾ സ്വീകരിക്കുന്നു! പലരും പല നിർദേശങ്ങൾ വെക്കുന്നു. കർശന നിയമം കൊണ്ടുവരണമെന്ന് ചിലർ അഭിപ്രായപ്പെടുന്നു! ശിക്ഷ ലഘൂകീകരിക്കപ്പെടുന്നതാണ് പ്രശ്നം എന്ന് മറ്റുചിലർ!

ബോധവൽക്കരണങ്ങളും ചർച്ചകളും കുടുംബ സദസ്സുകളുമൊക്കെ വാർഡ് തലത്തിൽ സജീവമാണിപ്പോൾ. ലഹരിയെ തുരത്താൻ നാട് ഒരുങ്ങിക്കഴിഞ്ഞു എന്ന് പലരും ആശ്വാസം കൊള്ളുന്നു. എന്നാൽ ഇതിനെല്ലാമിടയിലൂടെ ലഹരിക്ക് അടിമകളായവൻ ഇഴഞ്ഞുനീങ്ങുന്നത് നാം കാണാതെ പോകുന്നു. ബോധവൽക്കരണ ക്ലാസുകളിൽ സാന്നിധ്യമറിയിക്കുന്നത് 99 ശതമാനവും രക്ഷിതാക്കളാണ്. കേൾക്കേണ്ടവർ കേൾക്കുകയോ ബോധവാന്മാരാകുകയോ ചെയ്യുന്നില്ല.

കേരളത്തിലെ ഒരു പത്രം ഏതാനും ദിവസം മുമ്പ് പൊതുജനങ്ങളിൽനിന്ന് ലഹരിക്കെതിരെ പ്രതികരണം ആവശ്യപ്പെട്ടിരുന്നു. ഈയുള്ളവനും ഒരു കുറിപ്പിലൂടെ പരിഹാരം നിർദേശിച്ചിരുന്നു. നാലുപരിഹാരങ്ങളിൽ ഒന്ന് ധാർമികതയായിരുന്നു എന്നുള്ളത് പത്രക്കാരെ ചൊടിപ്പിച്ചു. വാർത്ത വരാത്തത് അന്വേഷിച്ചപ്പോൾ ധാർമികതയെ പരിഹാരമായി നിർദേശിച്ചു കൂടാ എന്നാണ് ഡെസ്കിൽ നിന്ന് മറുപടി കിട്ടിയത്.

1400 വർഷങ്ങൾക്കപ്പുറം അറേബ്യൻ സമൂഹത്തിൽ നിലനിന്നിരുന്ന അധാർമികതകൾ ഇന്നത്തേതിനെക്കാൾ വലുതായിരുന്നു. അവിടെ പ്രവാചകൻ (സ) കൈക്കൊണ്ട നിലപാടുകളാണ് ഇസ്‌ലാമിക നാഗരികതയ്ക്ക് കരുത്തായത്. അധാർമികതളെ പൂർണമായും അവരുടെ ജീവിതത്തിൽനിന്നും തുടച്ചു നീക്കാനായത് വിശുദ്ധ ക്വുർആനിന്റെ ധാർമികാധ്യാപനങ്ങൾകൊണ്ടാണ്.

കൊള്ളയും കൊലയും വ്യഭിചാരവും പെൺകുട്ടികളെ കുഴിച്ചുമൂടലും നിലനിന്നിരുന്ന ഒരു സമൂഹത്തെ പരിശുദ്ധ ക്വുർആനാകുന്ന ഒരു മഹത്തായ ഗ്രന്ഥം കൊണ്ട് പരിവർത്തിപ്പിച്ചെടുത്തത് കെട്ടുകഥയോ ഭാവനയോ അല്ല, ചരിത്ര സത്യമാണ്.

"തീർച്ചയായും ഈ ക്വുർആൻ ഏറ്റവും ശരിയായതിലേക്ക് വഴി കാണിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുന്ന സത്യവിശ്വാസികൾക്ക് വലിയ പ്രതിഫലമുണ്ട് എന്ന സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു'' (ക്വുർആൻ 17:9).

ഇന്ന് കാണപ്പെടുന്ന ഒട്ടുമിക്ക കുറ്റകൃത്യങ്ങളുടെയും കൊലപാതകങ്ങളുടെയും അടിസ്ഥാന കാരണം ലഹരിയാണ്. പരിശുദ്ധ ക്വുർആൻ ലഹരിക്കെതിരെ കൃത്യമായ ഉൽബോധനമാണ് നടത്തിയത്.

"സത്യവിശ്വാസികളേ, മദ്യവും ചൂതാട്ടവും പ്രതിഷ്ഠകളും പ്രശ്നംവെച്ച് നോക്കാനുള്ള അമ്പുകളും പൈശാചികമായ മ്ലേച്ഛവൃത്തി മാത്രമാകുന്നു. അതിനാൽ നിങ്ങൾ അതൊക്കെ വർജിക്കുക. നിങ്ങൾക്ക് വിജയം പ്രാപിക്കാം. പിശാച് ഉദ്ദേശിക്കുന്നത് മദ്യത്തിലൂടെയും ചൂതാട്ടത്തിലൂടെയും നിങ്ങൾക്കിടയിൽ ശത്രുതയും വിദ്വേഷവും ഉളവാക്കുവാനും അല്ലാഹുവെ ഓർമിക്കുന്നതിൽനിന്നും നമസ്കാരത്തിൽനിന്നും നിങ്ങളെ തടയുവാനും മാത്രമാകുന്നു. അതിനാൽ നിങ്ങൾ (അവയിൽ നിന്ന്) വിരമിക്കുവാനൊരുക്കമുണ്ടോ?'' (ക്വുർആൻ 5:90,91).

ക്വുർആൻ പകർന്നുതരുന്ന വിശ്വാസം ഉൾക്കൊണ്ടാൽ നമുക്ക് നിർഭയരാകാം. ദൈവസ്മരണയിലൂടെ തിന്മയെ അകറ്റാം. ■



# ആരായിരിക്കണം കൂട്ടുകാർ?

മൻഷൂഖ് അൽഅസ്ഹരി
എടത്തനാട്ടുകര

> നല്ല കൂട്ടുകാരെ തെരഞ്ഞെടുക്കുക എന്നത് ഈമാനിൽ അടിയുറച്ചു നിൽക്കുവാനും ഫിത്നകളിൽ നിന്ന് മാറി നിൽക്കുവാനും നമ്മെ സഹായിക്കും. അല്ലാഹുവിനെ ഭയപ്പെടുന്ന, ജീവിതത്തിൽ ധാരാളം നന്മകൾ പതിവാക്കുന്ന, നാം മറന്നാൽ നമ്മെ ഓർമിപ്പിക്കുന്ന, നമ്മെ സഹായിക്കുന്ന, ആവശ്യങ്ങൾ നിറവേറ്റിത്തരാൻ ശ്രമിക്കുന്ന, ദേഷ്യപ്പെട്ടാൽ ക്ഷമിക്കുന്ന കൂട്ടുകാരെ ലഭിക്കുവാൻ നാം ശ്രമിക്കുകയും അതോടൊപ്പം നമ്മൾ അങ്ങനെ ആയിത്തീരുവാൻ പരിശ്രമിക്കുകയും വേണം.

കുടുംബത്തിൽനിന്നും കടമകളിൽനിന്നുമെല്ലാം മാറിനിന്ന് സന്യാസജീവിതം നയിക്കുക എന്നത് ഒരു മുസ്‌ലിമിന് അനുയോജ്യമായ കാര്യമല്ല. എന്നാൽ അല്ലാഹുവിനോട് പ്രാർഥിക്കുന്നതിനും ദിക്റുകൾ ചൊല്ലുന്നതിനും നമസ്കാരം നിർവഹിക്കുന്നതിനും റബ്ബിനെക്കുറിച്ച് ചിന്തിക്കുന്നതിനും ആത്മവിചിന്തനത്തിനും മനസ്സ് നന്നാക്കുന്നതിനുമെല്ലാം ഒഴിഞ്ഞിരിക്കുക എന്നത് അനിവാര്യമാണുതാനും.

പൂർണമായും സമൂഹത്തിൽനിന്ന് ഒഴിഞ്ഞിരിക്കുകയെന്നതും ദുനിയാവിന്റെ കാര്യത്തിൽ മാത്രം ശ്രദ്ധ പുലർത്തുകയെന്നതും ഇസ്‌ലാം അംഗീകരിക്കുന്നില്ല. ആത്മീയ കാര്യങ്ങളും ഭൗതിക കാര്യങ്ങളും ഒരുമിച്ചു കൊണ്ടുപോകുവാൻ ശ്രമിക്കേണ്ടതുണ്ട്.

കൂട്ടുകൂടുക, ഇണക്കമുണ്ടാവുക എന്നത് ഒരു വിശ്വാസിയുടെ ലക്ഷണമാണ്. എന്നാൽ അനാവശ്യമായ കൂട്ടുകെട്ട് ഒഴിവാക്കൽ അനിവാര്യമാണ്. വിനോദങ്ങളിൽ അധികമായി സമയം ചെലവഴിക്കുകയും പരലോകചിന്തയില്ലാതിരിക്കുകയും ചെയ്യുന്നവരുമാ

യി കൂട്ടുകൂടൽ അപകടകരമാണ്. കാരണം അവർ നമ്മുടെ വിലയേറിയ സമയം നഷ്ടപ്പെടുത്തുന്നവരും സ്വർഗ പാതയിൽ നിന്ന് നമ്മെ തടയുന്നവരുമാണ്. അവർ നമ്മിൽ സ്വാധീനം ചെലുത്തിയാൽ പിന്നീടവരെ ഉപേക്ഷിച്ചു പോരാൻ കഴിയാതെ വന്നേക്കാം. രോഗം വന്ന് ചികിത്സിക്കുന്നതിനു മുമ്പേ രോഗം വരാതിരിക്കാൻ ശ്രദ്ധിക്കുകയാണല്ലോ ഉത്തമം.

നല്ല കൂട്ടുകാരെ തെരഞ്ഞെടുക്കുക എന്നത് ഈമാനിൽ അടിയുറച്ചു നിൽക്കുവാനും ഫിത്നകളിൽ നിന്ന് മാറി നിൽക്കുവാനും നമ്മെ സഹായിക്കും.

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം: നബി(സ്വ) പറഞ്ഞു: "ഒരാൾ തന്റെ സ്നേഹിതന്റെ മതത്തിലായിരിക്കും. അതിനാൽ നിങ്ങളിലോരോരുത്തരും താൻ കൂട്ടുകൂടുന്നവരെ കുറിച്ച് ചിന്തിച്ചു നോക്കട്ടെ" (അബൂദാവൂദ്).

നമ്മെ പരലോക കാര്യത്തിൽ സഹായിക്കുകയും ഇഹലോക പ്രയാസങ്ങളിൽ ആശ്വസിപ്പിക്കുകയും ചെയ്യുന്ന കൂട്ടുകാർ നമുക്ക് ലഭിക്കുന്ന സമ്പത്താണ്. അത്തരം കൂട്ടുകാർ ജീവിതത്തിൽ എല്ലാ സമയത്തും നമുക്ക് ഉപകാരപ്പെയും.

അബൂമൂസ(റ)യിൽനിന്ന് നിവേദനം: നബി(സ്വ) പറഞ്ഞു: "തന്റെ കൂടെയിരിക്കുന്ന നല്ല കൂട്ടുകാരന്റെയും ചീത്ത കൂട്ടുകാരന്റെയും ഉപമ കസ്തൂരി വഹിക്കുന്നവനെപ്പോലെയും ഉലയിൽ ഊതുന്നവനെപ്പോലെയുമാകുന്നു. കസ്തൂരി വഹിക്കുന്നവൻ ഒന്നുകിൽ നിനക്ക് അത് വെറുതെ തരും, അല്ലെങ്കിൽ നിനക്ക് അവനിൽനിന്ന് വാങ്ങാം. അതുമല്ലെങ്കിൽ അവനിൽനിന്ന് നിനക്ക് നല്ല സുഗന്ധം അനുഭവിക്കാം. ഉലയിൽ ഊതുന്നവനാകട്ടെ ചിലപ്പോൾ നിന്റെ വസ്ത്രം കരിച്ചു കളയും. അല്ലെങ്കിൽ അവനിൽനിന്ന് നിനക്ക് ദുർഗന്ധം അനുഭവപ്പെടും" (ബുഖാരി).

അല്ലാഹുവിനെ ഭയപ്പെടുന്നവരുടെ കൂടെയല്ലാത്ത എല്ലാ കൂട്ടുകെട്ടുകളും നാളെ പരലോകത്ത് എതിരായി വന്നേക്കാം.

"സുഹൃത്തുക്കൾ ആ ദിവസം അന്യോന്യം ശത്രുക്കളായിരിക്കും; സൂക്ഷ്മത പാലിക്കുന്നവരൊഴികെ" (സൂറതുസ്സുഖ്റുഫ് 67).

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം: നബി(സ്വ) പറഞ്ഞു: "തീർച്ചയായും അല്ലാഹു പറയും: എന്റെ മഹത്ത്വം കൊണ്ട് പരസ്പരം സ്നേഹിച്ചവർ എവിടെയാണ്? എന്റെ തണലല്ലാതെ വേറെ യാതൊരു തണലും ലഭിക്കാത്ത ഇന്നേദിവസം അവർക്ക് എന്റെ തണൽ ഞാൻ നൽകുന്നതാണ്" (മുസ്‌ലിം).

അല്ലാഹുവിനെ ഭയപ്പെടുന്ന, ജീവിതത്തിൽ ധാരാളം നന്മകൾ പതിവാക്കുന്ന, നാം മറന്നാൽ നമ്മെ ഓർമിപ്പിക്കുന്ന, നമ്മെ സഹായിക്കുന്ന, ആവശ്യങ്ങൾ നിറവേറ്റിത്തരാൻ ശ്രമിക്കുന്ന, ദേഷ്യപ്പെട്ടാൽ ക്ഷമിക്കുന്ന കൂട്ടുകാരെ ലഭിക്കുവാൻ നാം ശ്രമിക്കുകയും അതോടൊപ്പം നമ്മൾ അങ്ങനെ ആയിത്തീരുവാൻ പരിശ്രമിക്കുകയും വേണം.

ശൈഖ് ഇബ്നു ഉസൈമീൻ(റഹി) പറഞ്ഞു: "നിനക്ക് നന്മ അറിയിച്ചുതരുന്നതായും, അതിന് നിന്നെ സഹായിക്കുന്നതായും, നീ മറന്നാൽ നിന്നെ ഓർമിപ്പിക്കുന്നതായും, നിനക്ക് അറിവില്ലാതായാൽ നിന്നെ പഠിപ്പിക്കുന്നതായുമുള്ള കൂട്ടുകാരെ നീ കണ്ടെത്തിയാൽ അവരെ നീ മുറുകെ പിടിക്കുകയും അണപ്പല്ലുകൊണ്ട് കടിച്ചുപിടിക്കുകയും ചെയ്യുക."

അതുപോലെ നാം ശ്രദ്ധിക്കേണ്ട മറ്റു ചില കാര്യങ്ങളുണ്ട്: അവർ നന്മയും തിന്മയും തിരിച്ചറിയുവാൻ കഴിയുന്നവരായിരിക്കണം. അല്ലെങ്കിൽ അവൻ നമ്മെ തിന്മകളിലേക്കും കുഴപ്പങ്ങളിലേക്കും കൊണ്ടെത്തിക്കും.

സൽസ്വഭാവികളായിരിക്കണം. മറിച്ചാണെങ്കിൽ അവരുടെ ദുസ്സ്വഭാവവും സ്വാർഥതയുമെല്ലാം നമ്മെ അപകടത്തിലാക്കും. അവർ ബിദ്അത്ത് ചെയ്യുന്നവരായിരിക്കരുത്. അവരിലൂടെ നമ്മിലേക്കും അത് ഇരച്ചു കയറിയേക്കാം.

ദുനിയാവിനോട് അമിതമോഹം ഉള്ളവരാകരുത്; എങ്കിൽ പരലോകത്തെ വിട്ട് നമ്മളും ദുനിയാവിലെ സുഖസൗകര്യങ്ങളുടെ പിന്നാലെ പോയേക്കാം. അങ്ങനെയായാൽ നമ്മൾ പരലോകത്ത് വിരൽ കടിക്കേണ്ടി വരുന്ന ആളുകളുടെ കൂട്ടത്തിലാകും.

അല്ലാഹു പറയുന്നു: "അക്രമം ചെയ്തവൻ തന്റെ കൈകൾ കടിക്കുന്ന ദിവസം. അവൻ പറയും; റസൂലിന്റെ കൂടെ ഞാനൊരു മാർഗം സ്വീകരിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ.എന്റെ കഷ്ടമേ! ഇന്ന ആളെ ഞാൻ സുഹൃത്തായി സ്വീകരിച്ചിട്ടില്ലായിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ.എനിക്ക് ബോധനം വന്നുകിട്ടിയതിന് ശേഷം അതിൽനിന്ന് അവൻ എന്നെ തെറ്റിച്ചുകളഞ്ഞുവല്ലോ..." (ക്വുർആൻ 25/27-29).

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

# സൂറതുസ്സജദ

സാംഷ്ടാംഗം

(മക്കയിൽ അവതരിച്ചത്)

അധ്യായം 32

وَأَمَّا الَّذِينَ فَسَقُوا فَمَأْوَاهُمُ النَّارُ ۖ كُلَّمَا أَرَادُوا أَن يَخْرُجُوا مِنْهَا أُعِيدُوا فِيهَا وَقِيلَ لَهُمْ ذُوقُوا عَذَابَ النَّارِ الَّذِي كُنتُم بِهِ تُكَذِّبُونَ ﴿٢٠﴾

وَلَنُذِيقَنَّهُم مِّنَ الْعَذَابِ الْأَدْنَىٰ دُونَ الْعَذَابِ الْأَكْبَرِ لَعَلَّهُمْ يَرْجِعُونَ ﴿٢١﴾

وَمَنْ أَظْلَمُ مِمَّن ذُكِّرَ بِآيَاتِ رَبِّهِ ثُمَّ أَعْرَضَ عَنْهَا ۚ إِنَّا مِنَ الْمُجْرِمِينَ مُنتَقِمُونَ ﴿٢٢﴾

وَلَقَدْ آتَيْنَا مُوسَى الْكِتَابَ فَلَا تَكُن فِي مِرْيَةٍ مِّن لِّقَائِهِ ۖ وَجَعَلْنَاهُ هُدًى لِّبَنِي إِسْرَائِيلَ ﴿٢٣﴾

20. എന്നാൽ ധിക്കാരം കാണിച്ചവരാരോ അവരുടെ വാസസ്ഥലം നരകമാകുന്നു. അവർ അതിൽനിന്ന് പുറത്തു കടക്കാൻ ഉദ്ദേശിക്കുമ്പോഴൊക്കെ അതിലേക്കുതന്നെ അവർ തിരിച്ചയക്കപ്പെടുന്നതാണ്. നിങ്ങൾ നിഷേധിച്ച് തള്ളിക്കളഞ്ഞിരുന്ന ആ നരകത്തിലെ ശിക്ഷ നിങ്ങൾ ആസ്വദിച്ചുകൊള്ളുക എന്ന് അവരോട് പറയപ്പെടുകയും ചെയ്യും.

21. ഏറ്റവും വലിയ ആ ശിക്ഷ കൂടാതെ (ഐഹികമായ) ചില ചെറിയതരം ശിക്ഷകളും നാം അവരെ ആസ്വദിപ്പിക്കുന്നതാണ്. അവർ ഒരുവേള മടങ്ങിയേക്കാമല്ലോ.

22. തന്റെ രക്ഷിതാവിന്റെ ദൃഷ്ടാന്തങ്ങളെപ്പറ്റി ഉൽബോധനം നൽകപ്പെട്ടിട്ട് അവയിൽനിന്ന് തിരിഞ്ഞുകളഞ്ഞവനെക്കാൾ അക്രമിയായി ആരുണ്ട്? തീർച്ചയായും അത്തരം കുറ്റവാളികളുടെ പേരിൽ നാം ശിക്ഷാനടപടിയെടുക്കുന്നതാണ്.

23. തീർച്ചയായും മൂസായ്ക്ക് നാം വേദഗ്രന്ഥം നൽകിയിട്ടുണ്ട്. അതിനാൽ അത് കണ്ടെത്തുന്നതിനെ പറ്റി നീ സംശയത്തിലാകരുത്. ഇസ്റാഈൽ സന്തതികൾക്ക് നാം അതിനെ മാർഗദർശകമാക്കുകയും ചെയ്തു.

20) (എന്നാൽ ധിക്കാരം കാണിച്ചവരാരോ അവരുടെ വാസസ്ഥലം നരകമാകുന്നു) അവരുടെ വാസസ്ഥലം അഗ്നിയായിരിക്കും. അവരുടെ ശാശ്വത സ്ഥലം. എല്ലാതരം ശിക്ഷകളും കഷ്ടതകളും സംയോജിപ്പിച്ച അഗ്നിയായിരിക്കും. അതിലെ ശിക്ഷയിൽനിന്ന് ഒരു നിമിഷം പോലും അവർക്ക് ഇടവേള നൽകുകയില്ല.

(അവർ അതിൽനിന്ന് പുറത്തു കടക്കാൻ ഉദ്ദേശിക്കുമ്പോഴൊക്കെ അതിലേക്കുതന്നെ അവർ തിരിച്ചയക്കപ്പെടുന്നതാണ്) അതിൽനിന്ന് പുറത്ത് കടക്കാൻ ആഗ്രഹിക്കുമ്പോഴെല്ലാം. അതായത് ശിക്ഷ അതിന്റെ പാരമ്യതയിൽ എത്തുമ്പോൾ. അതിനാൽ അവർക്ക് ആശ്വാസം ലഭിക്കും എന്ന പ്രതീക്ഷ നഷ്ടപ്പെടും. അതിയായി വിഷമിക്കുകയും ചെയ്യും. (നിങ്ങൾ നിഷേധിച്ചു തള്ളിക്കളഞ്ഞിരുന്ന ശിക്ഷ നിങ്ങൾ ആസ്വദിച്ചുകൊള്ളുക) ഈ നരകമാണ് അവരുടെ വാസസ്ഥലം. ഇതിനു മുമ്പും ശി

ക്ഷയുണ്ട്. അതാണ് ഖബ്റിൽ അനുഭവിക്കുന്നത്.

21) അതായത് അക്രമികൾക്കും സത്യനിഷേധികൾക്കും ചെറിയ ശിക്ഷകൾ നാം അനുഭവിപ്പിക്കും. ഖബ്ർ ശിക്ഷയാണത്. മരിക്കുന്നതിന് മുമ്പും ചെറിയ ചില ശിക്ഷകൾ ലഭിക്കാം. ബദ്റിൽ കൊല്ലപ്പെട്ട ബഹുദൈവാരാധകർക്ക് സംഭവിച്ചതുപോലെ മരണസമയത്ത് സംഭവിക്കുന്ന വിധവുമാകാം. അല്ലാഹു പറയുന്നു:

وَلَوْ تَرَىٰٓ إِذِ ٱلظَّـٰلِمُونَ فِى غَمَرَٰتِ ٱلْمَوْتِ وَٱلْمَلَـٰٓئِكَةُ بَاسِطُوٓا۟ أَيْدِيهِمْ أَخْرِجُوٓا۟ أَنفُسَكُمُ ۖ ٱلْيَوْمَ تُجْزَوْنَ عَذَابَ ٱلْهُونِ

“അക്രമികൾ മരണ വെപ്രാളത്തിലായിരിക്കുന്ന രംഗം നീ കണ്ടിരുന്നുവെങ്കിൽ! നിങ്ങൾ നിങ്ങളുടെ ആത്മാക്കളെ പുറത്തിറക്കുവിൻ എന്ന് പറഞ്ഞുകൊണ്ട് മലക്കുകൾ അവരുടെ നേരെ തങ്ങളുടെ കൈകൾ നീട്ടിക്കൊണ്ടിരിക്കുകയാണ്. ഇന്ന് നിങ്ങൾക്ക് ഹീനമായ ശിക്ഷ നൽകപ്പെടുന്നതാണ്”(6:93). തുടർന്ന് ഖബ്റിൽ ചെറിയ ശിക്ഷ തുടരും.

ഖബ്റിൽ ശിക്ഷയുണ്ടാകുമെന്ന് തെളിയിക്കുകയും വ്യക്തമാക്കുകയും ചെയ്യുന്ന തെളിവുകളിൽ ഒന്നാണ് ഈ സൂക്തം. കാരണം അല്ലാഹു പറയുന്നു: (തീർച്ചയായും നാം അവർക്ക് ചെറിയ ശിക്ഷയിൽനിന്ന് ചിലത് ആസ്വദിപ്പിക്കും) അതിന്റെ ചെറിയ ഭാഗം. വലിയ ശിക്ഷക്ക് മുമ്പ് ചെറിയ ശിക്ഷയുണ്ടെന്ന് അത് അറിയിക്കുന്നു. അത് നരകശിക്ഷയാണ്. ഇഹലോകത്തുള്ള ചെറിയ ശിക്ഷക്ക് മരിക്കണമെന്നില്ല. ‘അവർ മടങ്ങുന്നതിന് വേണ്ടി’ എന്നു പറഞ്ഞത് അതുകൊണ്ടാണ്. അതായത് അവർ തെറ്റുകളിൽനിന്ന് പശ്ചാത്തപിച്ച് മടങ്ങാൻ വേണ്ടി. അല്ലാഹു പറയുന്നു:

ظَهَرَ ٱلْفَسَادُ فِى ٱلْبَرِّ وَٱلْبَحْرِ بِمَا كَسَبَتْ أَيْدِى ٱلنَّاسِ لِيُذِيقَهُم بَعْضَ ٱلَّذِى عَمِلُوا۟ لَعَلَّهُمْ يَرْجِعُونَ

“മനുഷ്യരുടെ കൈകൾ പ്രവർത്തിച്ചത് നിമിത്തം കരയിലും കടലിലും കുഴപ്പം വെളിപ്പെട്ടിരിക്കുന്നു. അവർ പ്രവർത്തിച്ചതിൽ ചിലതിന്റെ ഫലം അവർക്ക് ആസ്വദിപ്പിക്കുവാൻ വേണ്ടിയത്രെ അത്. അവർ ഒരുവേള മടങ്ങിയേക്കാം”(30:41).

22) തങ്ങളുടെ രക്ഷിതാവിന്റെ അടുത്ത് നിന്നുള്ള സന്ദേശങ്ങൾ അവഗണിക്കുന്ന ഓരാളെക്കാൾ വലിയ അക്രമം മറ്റാരും ചെയ്യുന്നില്ല. ഈ സന്ദേശങ്ങൾ അല്ലാഹുവിന്റെ ദൂതന്മാരിലൂടെ അവനെ നയിക്കാനും അനുഗ്രഹിക്കാനും ഉദ്ദേശിച്ചുള്ളതാണ്. ആത്മീയവും ലൗകികവുമായ കാര്യങ്ങളിൽ അവന് എന്താണ് നല്ലത് എന്ന് മനസ്സിലാക്കാൻ അവനെ സഹായിക്കുന്നു. അവനെ ദ്രോഹിക്കുന്ന പ്രവൃത്തികൾക്കെതിരെ അവർ മുന്നറിയിപ്പ് നൽകുന്നു. വിശ്വസിക്കുന്നതിനും നന്ദിയുള്ളവരായിരിക്കുന്നതിനും പകരം ഈ വ്യക്തി ഈ മാർഗനിർദേശത്തെ തിരസ്കരിക്കാനും പിന്തിരിയാനും തിരഞ്ഞെടുത്തു. ഏറ്റവും കഠിനമായ ശിക്ഷ അർഹിക്കുന്ന അക്രമികളിൽ ഏറ്റവും മോശപ്പെട്ടവനാണിവൻ. അതാണ് അല്ലാഹു പറഞ്ഞത്: (കുറ്റവാളികളുടെ പേരിൽ നാം ശിക്ഷാനടപടി സ്വീകരിക്കുന്നതാണ്).

23) തന്റെ ദാസൻമാരെ ഉൽബോധിപ്പിച്ച വചനങ്ങളെക്കുറിച്ച്; അതായത് മുഹമ്മദ് നബി(സ്വ)ക്ക് ഇറക്കിയ ഖുർആനിനെക്കുറിച്ച് പരാമർശിച്ചുകൊണ്ട് അല്ലാഹു പറഞ്ഞത് വേദഗ്രന്ഥങ്ങൾ എന്നത് പുതിയ കാര്യമല്ലെന്നാണ്. ദൂതന്മാർ അസാധാരണമായി ഒന്നും കൊണ്ടുവന്നിട്ടുമില്ല. ഖുർആനിനെ സ്ഥിരീകരിക്കുന്ന വേദഗ്രന്ഥം -തൗറാത്ത്- അല്ലാഹു മൂസാനബി(അ)ക്ക് നൽകി. അങ്ങനെ അവ രണ്ടും സത്യമാണെന്ന് തെളിയിക്കപ്പെടുകയും രണ്ടിന്റെയും തെളിവ് സ്ഥാപിക്കപ്പെടുകയും ചെയ്തു. (അതിനാൽ അത് കണ്ടെത്തുന്നതിനെപ്പറ്റി നീ സംശയത്തിലാകരുത്) അതിന് ധാരാളം തെളിവുകളുണ്ട്. അതിനാൽ അതിൽ സംശയത്തിന് ഇടമില്ല. (അതിനെ നാം ആക്കി)മൂസാ(അ)ക്ക് നൽകിയ ഗ്രന്ഥത്തെ. (ഇസ്റാഈൽ സന്തതികൾക്ക് മാർഗദർശനം) അതിലൂടെ അവരുടെ മതത്തിന്റെ അടിസ്ഥാനപരവും ശാഖാപരവുമായ കാര്യങ്ങളിൽ ആ കാലത്തിന് അനുയോജ്യമായ നിലയിൽ വഴികാണിച്ചു. എന്നാൽ ശ്രേഷ്ഠമായ ഈ ഖുർആൻ; അതിലൂടെ അല്ലാഹു എല്ലാ മനുഷ്യർക്കും വഴികാണിക്കുന്നു. ഇത് മനുഷ്യരാശിക്ക് അവരുടെ മതപരവും ഭൗതികവുമായ കാര്യങ്ങളിൽ ഉയിർത്തെഴുന്നേൽപ് നാളുവരെ മാർഗദർശനമാണ്. അത് അതിന്റെ പൂർണതയും മഹത്ത്വവുമാണ്.

وَإِنَّهُۥ فِىٓ أُمِّ ٱلْكِتَـٰبِ لَدَيْنَا لَعَلِىٌّ حَكِيمٌ


“തീർച്ചയായും അത് മൂലഗ്രന്ഥത്തിൽ (സൂക്ഷിക്കപ്പെട്ടതത്രെ). അത് ഉന്നതവും വിജ്ഞാനസമ്പന്നവും തന്നെയാകുന്നു” (43:4). ■

ഷെറീന മേലാറ്റൂർ



# അഭയാർഥികൾ

നിസ്സഹായരും നിരാലംബരുമാം
നിരപരാധികളെ
നിഷ്ക്കരുണം വേട്ടയാടുന്ന
നികൃഷ്ടരേ, നിങ്ങളോർക്കണം;
നിരീക്ഷിക്കുന്നുണ്ടൊരാൾ.
നിദ്രയും മറവിയുമില്ലാത്തവൻ,
നിങ്ങളുടെയോരോ ചലനവും
നിഷ്കൃഷ്ടമായറിയുന്നവൻ.
നിങ്ങൾക്ക് വരാനുണ്ട്
നിന്ദ്യമാം ശിക്ഷയെന്നറിയുക.
നീചരായുള്ളവരെ
നിരുപാധികം വിട്ടയക്കുവാൻ
നിങ്ങൾ സ്ഥാപിച്ച
നീതിപീഠമല്ല ദൈവത്തിങ്കലുള്ളത്.





# ക്ലോക്ക്

കാലത്തിൻ കയ്യൊപ്പു ചാർത്തി
ജീവിതം മുന്നേറുകയാണെങ്കിലും
പിന്നിട്ട വഴികൾ മറക്കാതെ വീണ്ടും
വിശ്രമമില്ലാതരികിലോടിയെത്തി
ഓർമകൾ പുതുക്കവേ,
തന്നിലർപ്പിച്ചൊരാ
വിശ്വാസമൊരുനാൾ
ശ്വാസം നിലക്കെ
തെറ്റുമെന്നാകിലും...
ഒരു നേരമെങ്കിലും
നേരിനെ കാട്ടുവാൻ
അടുത്തതിനു ശേഷം
അകലുന്നവരെ
വീണ്ടുമൊന്നിപ്പിക്കാനുള്ള,
പരിശ്രമത്തിലാണെൻ
സമയ സൂചിക...



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi




GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

GooglePay Paytm

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on
29 March 2025

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-



WISDOM students

# ധർമ്മ സമരത്തിന്റെ വിദ്യാർത്ഥി കാലം

# കേരള സ്റ്റുഡന്റ്സ് കോൺഫറൻസ്

## 11 2025 മെയ്
## പെരിന്തൽമണ്ണ

Wisdom Islamic Students Organisation
Kerala State Committee
CV Complex, PV Swami Road, Calicut

+91 81568 12292
wisdomstudents